2024 DECEMBER
21
SATURDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY

e-paper




# കൊപ്രയുടെ മിനിമം താങ്ങുവില കേന്ദ്രം ഉയർത്തി

**ന്യൂദൽഹി:** കൊപ്രയുടെ മിനിമം താങ്ങുവില കേന്ദ്രം ഉയർത്തി. മില്ലിങ് കൊപ്ര ക്വിന്റലിന് 11,582 രൂപയായും ഉണ്ട കൊപ്ര ക്വിന്റലിന് 12,100 രൂപയുമായാണ് മിനിമം താങ്ങുവില ഉയർത്തിയത്. കേന്ദ്രമന്ത്രിസഭായോഗത്തിന്റേതാണ് തീരുമാനം. കർഷകർക്ക് ആദായകരമായ വരുമാനം ഉറപ്പാക്കുന്നതിനായി മിനിമം താങ്ങുവില ഉയർത്തുമെന്ന നരേന്ദ്ര മോദി സർക്കാർ പ്രഖ്യാപനത്തിന്റെ ഭാഗമാണിത്.



ഉയർന്ന എംഎസ്പി നാളികേര കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുക മാത്രമല്ല, ആഭ്യന്തരവും അന്തർദേശീയമായും നാളികേര ഉത്പന്നങ്ങളുടെ വർധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിനായി കൊപ്ര ഉത്പാദനം വ്യാപിപ്പിക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കും. നാഷണൽ അഗ്രികൾച്ചറൽ കോഓപ്പറേറ്റീവ് മാർക്കറ്റിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡും (നാഫെഡ്), നാഷണൽ കോഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷനും (എൻസിസിഎഫ്) കൊപ്രയും തൊണ്ട് നീക്കം ചെയ്ത തേങ്ങയും സംഭരിക്കുന്നതിനുള്ള കേന്ദ്ര നോഡൽ ഏജൻസികളായി തുടർന്നും പ്രവർത്തിക്കും. 2014ലെ വിപണന സീസണിൽ മില്ലിങ് കൊപ്ര ക്വിന്റലിന് 5,250 രൂപയും ഉണ്ട കൊപ്ര ക്വിന്റലിന് 5,500 രൂപയുമായിരുന്നു. ഇതാണ് 2025 വിപണന സീസണിൽ 11,582 രൂപയും 12,100 രൂപയുമായി ഉയർത്തിയത്. മിനിമം താങ്ങുവിലയിൽ മില്ലിങ് കൊപ്ര ക്വിന്റലിന് 121 ശതമാനവും ഉണ്ട കൊപ്ര ക്വിന്റലിന് 120 ശതമാനവുമാണ് വളർച്ച രേഖപ്പെടുത്തിയത്.

## പ്രധാനമന്ത്രി കുവൈറ്റിലേക്ക്; ഔദ്യോഗിക സന്ദർശനത്തിനായി ഇന്ന് പുറപ്പെടും

**ന്യൂഡൽഹി:** ഔദ്യോഗിക സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് കുവൈറ്റിലേക്ക് പുറപ്പെടും. രണ്ട് ദിവസത്തെ സന്ദർശനത്തിനായാണ് മോദി കുവൈറ്റിലെത്തുന്നത്.

ഇന്നും നാളെയുമാണ് പ്രധാനമന്ത്രിയുടെ കുവൈറ്റ് സന്ദർശനം. കുവൈറ്റിലെത്തുന്ന മോദി അമീർ ശൈഖ് മിഷൽ അൽ അഹമദ് അൽ ജാബിർ അൽ സബാഹ് ഉൾപ്പെടെയുള്ളവരുമായി കൂടിക്കാഴ്ച നടത്തും.

ഇന്ന് പ്രധാനമന്ത്രി കുവൈറ്റിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യും. 1981ന് ശേഷം കുവൈറ്റിലെത്തുന്ന ഇന്ത്യൻ പ്രധാനമന്ത്രിയാണ് മോദി.

## ജർമനിയിൽ ക്രിസ്മസ് മാർക്കറ്റിലേക്ക് കാർ പാഞ്ഞുകയറി 2 മരണം, 60 പേർക്ക് പരിക്ക്

**ബർലിൻ:** ജർമനിയിലെ കിഴക്കൻ നഗരമായ മക്ഡെബർഗിലെ തിരക്കേറിയ ക്രിസ്മസ് മാർക്കറ്റിലേക്ക് കാർ പാഞ്ഞുകയറി രണ്ടു മരണം. അറുപതു പേർക്ക് പരുക്കേറ്റു. 15 പേരുടെ നില ഗുരുതരമാണ്. മരിച്ചവരിൽ ഒരു കുട്ടിയുമുള്ളതായാണ് വിവരം. പ്രാദേശിക സമയം വെള്ളിയാഴ്ച രാത്രി ഏഴു മണിയോടെയാണ് സംഭവം. കാർ ആൾക്കൂട്ടത്തിനിടയിലൂടെ നാനൂറ് മീറ്ററോളം മുന്നോട്ടു നീങ്ങി. സംഭവത്തിന്റെ ദൃശ്യം സാമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്.

കാറോടിച്ച അൻപതു വയസുകാരനായ സൗദി സ്വദേശിയെ പൊലീസ് കസ്റ്റഡിയിലെടുത്തു. 2006 മുതൽ ജർമനിയിൽ സ്ഥിരതാമസമാക്കിയ ഇയാൾ ഡോക്ടറായി പ്രവർത്തിക്കുകയാണെന്ന് അധികൃതർ അറിയിച്ചു.

## മുണ്ടക്കൈ-ചൂരൽമല ടൗൺഷിപ് പദ്ധതി: ഒന്നാംഘട്ട കരട് പട്ടികയിൽ 388 കുടുംബങ്ങൾ

**കൽപറ്റ:** മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരിതബാധിതർക്കായി സർക്കാർ ഒരുക്കുന്ന ടൗൺഷിപ് പദ്ധതിക്കായുള്ള ഒന്നാം ഘട്ട ഗുണഭോക്തൃ കരട് പട്ടിക പ്രസിദ്ധീകരിച്ചു. ഒന്നാം ഘട്ടത്തിൽ 388 കുടുംബങ്ങളെയാണു കരട് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കരട് പട്ടികയെക്കുറിച്ചുള്ള ആക്ഷേപങ്ങൾ 15 ദിവസത്തിനകം അറിയിക്കണമെന്നും സർക്കാർ അറിയിച്ചിട്ടുണ്ട്. ദുരന്തത്തിൽ വീടു നഷ്ടപ്പെട്ട കുടുംബങ്ങളെയും വാടക വീടുകളിലോ പാടികളിലോ താമസിച്ചിരുന്ന മറ്റെവിടെയും വീടില്ലാത്ത ദുരന്തബാധിതരെയുമാണ് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയത്.



അപകട മേഖലയിലെ വാസയോഗ്യമല്ലെന്നു കണ്ടെത്തുന്ന ഇടങ്ങളിൽ താമസിക്കുന്നവരെയാണു പുനരധിവാസത്തിന്റെ രണ്ടാം ഘട്ടത്തിൽ പരിഗണിക്കുക. പ്രസിദ്ധീകരിച്ച കരട് പട്ടികയിലെ വിശദാംശങ്ങൾ പരിശോധിക്കാൻ വെള്ളരിമല വില്ലേജ്, മേപ്പാടി ഗ്രാമ പഞ്ചായത്ത് ഓഫിസുകളിൽ ഹെൽപ് ഡെസ്ക് സജ്ജീകരിച്ചിട്ടുണ്ട്. കരട് പട്ടിക സംബന്ധിച്ച ആക്ഷേപങ്ങൾ 2025 ജനുവരി 10ന് വൈകിട്ട് 5 മണി വരെ സ്വീകരിക്കും. ആക്ഷേപങ്ങൾ വൈത്തിരി താലൂക്ക് ഓഫിസ്, മേപ്പാടി ഗ്രാമപഞ്ചായത്ത് ഓഫിസ്, വെള്ളരിമല വില്ലേജ് ഓഫിസ് എന്നിവ വഴിയും subcollectormndy@gmail.com എന്ന ഇമെയിൽ വഴിയും സ്വീകരിക്കും.

കരട് പട്ടികയിലെ ആക്ഷേപങ്ങളിൻമേൽ സബ് കലക്ടർ സ്ഥലപരിശോധന നടത്തിയ ശേഷം റിപ്പോർട്ട് തയാറാക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് സമർപ്പിക്കും. തുടർന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി പരാതിക്കാരെ നേരിൽകണ്ടു ആക്ഷേപത്തിൽ തീർപ്പ് കൽപ്പിക്കും. ആക്ഷേപങ്ങൾ സ്വീകരിക്കുന്ന അവസാന തിയതി മുതൽ 30 ദിവസത്തിനകം ജില്ലാ ദുരന്തനിവാരണ അതോറിറ്റി അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. അന്തിമ പട്ടിക സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും സർക്കാരിലെ ദുരന്തനിവാരണ വകുപ്പിനു നൽകണം.





എറണാകുളം ലൂർദ് ആശുപത്രിയുടെ വജ്രജൂബിലി ആഘോഷം വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു. സംവിധായകൻ ജിസ് ജോയ്, ഫാ. ജോർജ്ജ് സെക്വീര, ടി. ജെ വിനോദ് എംഎൽഎ, ചലച്ചിത്രതാരം നരേൻ, ഡോ. പോൾ പുത്തൂരാൻ തുടങ്ങിയവർ സമീപം

# ‘ലെഗാമെ 24 ’ ചരിത്രത്താളുകളിലേക്ക്

# എറണാകുളം ലൂർദ്ദ് ആശുപത്രി വജ്രൂജൂബിലി ആഘോഷത്തിന് തുടക്കം

**കൊച്ചി:** വരാപ്പുഴ അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം ലൂർദ് ആശുപത്രിയുടെ വജ്രജൂബിലി ആഘോഷത്തിന് പ്രൗഢഗംഭീരമായ തുടക്കം. 60ാം വർഷത്തിലേക്കുള്ള പ്രവേശനം ലെഗാമെ 24 എന്ന പേരിൽ ലൂർദ്ദ് സ്ഥാപനങ്ങളിലെ രണ്ടായിരത്തിൽപ്പരം ജീവനക്കാർ കേക്ക് പങ്കുവെച്ചും പാട്ടുപാടിയും നൃത്തം ചവിട്ടിയും പ്രതിജ്ഞയെടുത്തും ആശുപത്രി അങ്കണത്തിൽ ഒന്നു ചേർന്ന് ആഘോഷിച്ചപ്പോൾ വേൾഡ് ഓഫ് റെക്കോർഡ്സിന്റെ താളുകളിലേക്കുള്ള ചുവെടുവെയ്പ്പുകൂടിയായി അത് മാറി. വേൾഡ് ബുക്ക് ഓഫ് റെക്കോർഡ്സ് ചരിത്രത്തിൽ 152 രാജ്യങ്ങളിൽ ഇത് ആദ്യമായാണ് ഒരു ആശുപത്രി ഇത്തരത്തിൽ ആഘോഷം സംഘടിപ്പിച്ച് ചരിത്രത്തിൽ ഇടം പിടിക്കുന്നത്. വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ വജ്രജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു.

ലെഗാമെ 24 വേൾഡ് ബുക്ക് ഓഫ് റെക്കോർഡ്സിന്റെ ചിത്രീകരണം ചലച്ചിത്ര താരം നരേൻ, സംവിധായകൻ ജിസ് ജോയ് എന്നിവർ പരസ്പരം കേക്ക് പങ്കുവെച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു. കൊച്ചി അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലിസ് ജയകുമാർ, എറണാകുളം ജനറൽ ആശുപത്രിയിലെ ഡോക്ടർ സുധീർ ഷെറീഫ് എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു വേൾഡ് ഓഫ് റെക്കോർഡ്സിന്റെ ചിത്രീകരണം.

വജ്രജൂബിലി ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന 60 സൗജന്യ മെഡിക്കൽ ക്യാംപുകളുടെ ഉദ്ഘാടനം ടി.ജെ വിനോദ് എം.എൽ.എ യും 60 പ്രമുഖ ഡോക്ടർമാരുടെ ആരോഗ്യസംബന്ധമായ ലേഖനങ്ങളടങ്ങിയ പുസ്തകത്തിന്റെ പ്രകാശനം സംവിധായകൻ ജിസ് ജോയിയും ജീവനക്കാർക്കുള്ള പുതിയ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയുടെ ഉദ്ഘാടനം അസിസ്റ്റന്റ് മെഡിക്കൽ ഡയറക്ടർ ഡോ. അനുഷ വർഗ്ഗീസും സൗജന്യ രക്തപരിശോധന മെഡിക്കൽ സൂപ്രണ്ട് ഡോ. സന്തോഷ് ജോൺ എബ്രാഹവും 60 വൃക്ഷത്തൈകളുടെ നടീൽ ഡോ. ബിനു ഉപേന്ദ്രൻ, ഡോ.ജോൺ ടി. ജോൺ, ഡോ. പ്രിയ മറിയം എന്നിവരും നിർവ്വഹിച്ചു. ലൂർദ് സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ കാലം സേവനം ചെയ്ത 60 ജീവനക്കാരെയും ചടങ്ങിൽ ആദരിച്ചു. വരാപ്പുഴ അതിരൂപത മോൺസിഞ്ഞോർ ഫാ. ജോസഫ് എട്ടുരിത്തിൽ, ആശുപത്രി ഡയറക്ടർ ഫാ. ജോർജ്ജ് സെക്വീര, അസോസിയേറ്റ് ഡയറക്ടർ ഫാ. വിമൽ ഫ്രാൻസിസ്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. മിഥുൻ ജോസഫ്,മെഡിക്കൽ ഡയറക്ടർ ഡോ. പോൾ പുത്തൂരാൻ, തുടങ്ങിയവർ സംസാരിച്ചു.



എറണാകുളം ലൂർദ് ആശുപത്രിയുടെ വജ്രജൂബിലി ആഘോഷചടങ്ങിൽ വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിലിനൊപ്പം സംവിധായകൻ ജിസ് ജോയ്, ചലച്ചിത്രതാരം നരേൻ എന്നിവർ ചേർന്ന് കേക്ക് മുറിച്ചപ്പോൾ. ഡോ. സന്തോഷ് ജോൺ എബ്രാഹം, ഫാ. ജോർജ്ജ് സെക്വീര, ഫാ. വിമൽ ഫ്രാൻസിസ്, ടി ജെ വിനോദ് എം.എൽ.എ, ഡോ. പോൾ പുത്തൂരാൻ എന്നിവർ സമീപം

# ഫോക്ലോർ ഫെസ്റ്റ്: മണ്ഡലതല ക്വിസ് വിജയികൾക്ക് സ്വർണ മെഡൽ

**കൊച്ചി:** വൈപ്പിൻ ഫോക്ലോർ ഫെസ്റ്റി വിഎഫ്എഫി ന്റെ ഭാഗമായി ഇന്നു (ഡിസംബർ 21) ബോൾഗാട്ടി പാലസിൽ നടക്കുന്ന വൈപ്പിൻ മണ്ഡലംതല ക്വിസ് മത്സരത്തിലെ വിജയികൾക്കു സ്വർണ മെഡലുകൾ സമ്മാനിക്കുമെന്ന് കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ അറിയിച്ചു.

ഒന്നാം സമ്മാനമായി അരപ്പവന്റേയും രണ്ടാം സമ്മാനമായി കാൽപ്പവന്റേയും സ്വർണ മെഡലുകളാണ് നൽകുക. മെഗാക്വിസ് വിജയികൾക്ക് ട്രോഫികളും സമ്മാനിക്കും.ക്വിസ് മത്സരം രാവിലെ 9 ന് ജസ്റ്റിസ് വി കെ മോഹനൻ ഉദ്ഘാടനം ചെയ്യും. മെഗാ ക്വിസ് മത്സരത്തിന്റെ തുടർച്ചയായി സാംസ്കാരിക സമ്മേളനവും വിദ്യാർഥികളുടെ കലാപരിപാടികളും കരോൾ ഗാനമത്സരവും നടക്കും.

വിഎഫ് എഫിന്റെ ഭാഗമായി വൈപ്പിൻ മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലുമായി ഒരുക്കിയ മധുരം മലയാളം കവിത്രയം പുനർജനിക്കുന്നു എന്ന പരിപാടിയുടെ ഭാഗമായാണ് ക്വിസ് മത്സരം. ഉച്ചക്ക് 12 വരെ വൈപ്പിൻ മണ്ഡലം തല ക്വിസും നാലു വരെ ജില്ലയിലെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കുമായി മെഗാ ക്വിസും നടക്കും.

തുടർന്ന് സാംസ്കാരിക സമ്മേളനത്തിൽ ജില്ലാ കലക്ടർ എൻ എസ് കെ ഉമേഷ് മുഖ്യതിഥിയായി പങ്കെടുത്ത് സമ്മാന വിതരണം നടത്തും. ക്വിസ് മത്സരവിജയികൾക്കു പുറമെ മധുരം മലയാളം കവിത്രയം പുനർജനിക്കുന്നു എന്ന പരിപാടിയുടെ ഭാഗമായി മണ്ഡലത്തിലെ സ്കൂളുകളിൽ നടത്തിയ പ്രസംഗ, കവിതാപാരായണ മത്സര വിജയികൾക്കും സമ്മാനം നൽകും. കെ എൻ ഉണ്ണിക്കൃഷ്ണന്റെ സാന്നിധ്യത്തിലാകും പരിപാടി.ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സരിത സനൽ അധ്യക്ഷയാകും. ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എൽസി ജോർജും സാംസ്കാരിക നേതാക്കളും തദ്ദേശ സ്ഥാപന ഭാരവാഹികളും വി എഫ് എഫ് നേതാക്കളും പങ്കെടുക്കും.5.30ന് നാടോടി നൃത്തം, തിരുവാതിര, പദ്യപാരായണം എന്നിവയുൾപ്പെടെ വിദ്യാർത്ഥികളുടെ കലാപരിപാടികൾ നടക്കും. തുടർന്ന് വിശാല കൊച്ചി സാംസ്കാരിക വേദിയുടെ സഹകരണത്തോടെ കരോൾ ഗാന മത്സരവും ഉണ്ടാകും. വരാപ്പുഴ അതിരൂപതയിലെ ഫാ. ഫെലിക്സ് ചക്കാലക്കൽ ക്രിസ്മസ് സന്ദേശം നൽകും.



# പിടയ്ക്കുന്ന കരിമീൻ, കാളാഞ്ചി, ചെമ്പല്ലി... കൂടുകൃഷിയിൽ വിളവെടുത്ത മീനുകൾ ജീവനോടെ സ്വന്തമാക്കാം

**സിഎംഎഫ്ആർഐയുടെ വിൽപന മേള നാളെ തുടങ്ങും**

**കൊച്ചി:** ഉൽസവനാളുകളിൽ മത്സ്യപ്രേമികൾക്ക് കൂടുകൃഷിയിൽ വിളവെടുത്ത കരിമീനും കാളാഞ്ചിയും ചെമ്പല്ലിയും ജീവനോടെ സ്വന്തമാക്കാൻ അവസരമൊരുക്കി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). കർഷകർ നേരിട്ടെത്തിക്കുന്ന പിടയ്ക്കുന്ന മീനുകളുടെ മൂന്ന് ദിവസത്തെ വിൽപന മേള നാളെ (ഞായർഡിസംബർ 22) മുതൽ സിഎംഎഫ്ആർഐയിൽ തുടങ്ങും.

സിഎംഎഫ്ആർഐയുടെ പരിശീലനം ലഭിച്ച കർഷകർ നടത്തുന്ന കൂടുകൃഷികളിൽ നിന്ന് ആവശ്യാനുസരണം വിളവെടുത്ത മീനുകളാണ് മേളയിലെത്തിക്കുക. ഉയർന്ന ഗുണമേൻമയുള്ള ശുദ്ധമായ മത്സ്യങ്ങൾ ഇടനിലക്കാരില്ലാതെ ആവശ്യക്കാർക്ക് നേരിട്ട് ലഭ്യമാക്കുകയാണ് മേളയുടെ ലക്ഷ്യം.കൊടുങ്ങല്ലൂരിലെ ബ്ലൂ പേൾ മത്സ്യ കർഷക ഉൽപാദന സംഘവുമായി സഹകരിച്ച് സിഎംഎഫ്ആർഐയുടെ അഗ്രികൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്റർ ആണ് വിൽപന മേള സംഘടിപ്പിക്കുന്നത്.

രാവിലെ 7 മുതൽ വൈകിട്ട് 6 വരെയാണ് സമയം. ചൊവ്വാഴ്ച സമാപിക്കും.സിഎംഎഫ്ആർഐയിലെ മാരികൾച്ചർ ഡിവിഷനിൽ നിന്ന് പരിശീലനം ലഭിച്ച കൂടുകൃഷിയിൽ വൈദഗ്ധ്യമുള്ള മത്സ്യ കർഷകരുടെ കൂട്ടായ്മയാണ് ബ്ലൂ പേൾ കർഷക ഉൽപാദന സംഘം.

# സ്കൂൾ കലോത്സവ പ്രോഗ്രാം ഷെഡ്യൂൾ പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം നഗരത്തിലെ 25 വേദികളിലായി നടക്കുന്ന അറുപത്തി മൂന്നാമത് കേരള സ്കൂൾ കലോത്സവത്തിന്റെ പ്രോഗ്രാം ഷെഡ്യൂൾ വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പ്രകാശനം ചെയ്തു.

ഹൈസ്കൂൾ വിഭാഗത്തിൽ നൂറ്റിയൊന്നും ഹയർസെക്കണ്ടറി വിഭാഗത്തിൽ നൂറ്റിപ്പത്തും സംസ്കൃതോത്സവത്തിൽ പത്തൊമ്പതും അറബിക് കലോത്സവത്തിൽ പത്തൊമ്പതും ഇനങ്ങളിലായി ആകെ ഇരുന്നൂറ്റി നാൽപത്തിയൊമ്പത് മത്സരയിനങ്ങളിലായി പതിനയ്യായിരത്തിൽപരം കലാ പ്രതിഭകളാണ് മാറ്റുരയ്ക്കുന്നതെന്ന് മന്ത്രി പറഞ്ഞു. നഗരത്തിലെ മുപ്പതോളം സ്കൂളുകളെ അക്കോമഡേഷൻ സെന്ററുകളായി തെരഞ്ഞെടുത്തിട്ടുണ്ട്. കലോത്സവ ചരിത്രത്തിൽ ആദ്യമായി അഞ്ച് ഗോത്ര നൃത്തരൂപങ്ങൾകൂടി ഈ വർഷത്തെ കലോത്സവത്തിന്റെ മത്സര ഇനങ്ങളാവുകയാണ്. മംഗലംകളി, പണിയ നൃത്തം, പളിയ നൃത്തം, മലപുലയ ആട്ടം, ഇരുള നൃത്തം എന്നിവയാണ് പുതുതായി ഉൾപ്പെടുത്തിയ തദ്ദേശീയ നൃത്തരൂപങ്ങൾ. സ്വർണ്ണക്കപ്പിന്റെ ഘോഷയാത്ര ഡിസംബർ 31 ന് കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നിന്ന് ആരംഭിച്ച് എല്ലാ ജില്ലകളിലൂടെയും പ്രയാണം പൂർത്തിയാക്കി ജനുവരി 3 ന് രാവിലെ 10 മണിക്ക് തിരുവനന്തപുരം ജില്ലയുടെ അതിർത്തിയായ തട്ടത്തുമലയിൽ വച്ച് വിശിഷ്ട വ്യക്തികളുടെ സാന്നിധ്യത്തിൽ സ്വീകരിക്കും. തുടർന്ന് ഘോഷയാത്രയായി സെൻട്രൽ സ്റ്റേഡിയത്തിൽ എത്തിക്കും.

പ്രോഗ്രാം ഷെഡ്യൂൾ പ്രകാരം തിരുവനന്തപുരം നഗരത്തിലെ 25 വേദികളിലായാണ് കലാമത്സരങ്ങൾ അരങ്ങേറുന്നത്. വേദികൾക്ക് കേരളത്തിലെ നദികളുടെ പേരുകളാണ് നൽകിയിരിക്കുന്നത്. സെൻട്രൽ സ്റ്റേഡിയം, വിമൻസ് കോളേജ്, മണക്കാട് ഗവൺമെന്റ് എച്ച്.എസ്.എസ്. തുടങ്ങിയ വേദികളിലായാണ് നൃത്ത ഇനങ്ങൾ അരങ്ങേറുന്നത്. ടാഗോർ തീയേറ്ററിൽ നാടകവും കാർത്തിക തിരുനാൾ തീയേറ്ററിൽ സംസ്കൃത നാടകം, ചവിട്ടു നാടകം എന്നിവയും ഗോത്ര കലകൾ നിശാഗന്ധി ഓഡിറ്റോറിയത്തിലും ബാന്റ് മേളം പട്ടം സെന്റ് മേരീസ് സ്കൂൾ ഗ്രൗണ്ടിലും നടക്കും. ഭക്ഷണം പുത്തരിക്കണ്ടം മൈതാനത്താണ് ക്രമീകരിച്ചിരിക്കുന്നത്. വിവിധ സബ് കമ്മിറ്റികളുടെ ഓഫീസ്, രജിസ്ട്രേഷൻ എന്നിവ എസ്.എം.വി. സ്കൂളിലാണ് ക്രമീകരിച്ചിരിക്കുന്നത്. സംഘാടക സമിതി ഓഫീസ് ശിക്ഷക് സദനിൽ ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

എല്ലാ വേദികളിലും 9.30 ന് തന്നെ മത്സരങ്ങൾ ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഉള്ള ഷെഡ്യൂൾ ആകെ ഇനങ്ങളുടെ എണ്ണം അനുസരിച്ചാണ് നിലവിലെ ഷെഡ്യൂൾ ക്രമപ്പെടുത്തിയിരിക്കുന്നത്. അപ്പീലുകൾ വരുന്നതോടെ സമയക്രമത്തിൽ മാറ്റങ്ങൾ ഉണ്ടാകാം. മത്സരം യഥാസമയം തുടങ്ങുന്നതിനും അവസാനിപ്പിക്കുന്നതിനും കർശന നടപടികൾ കൈക്കൊള്ളും. ഫസ്റ്റ് കോളും സെക്കന്റ് കോളും തേർഡ് കോളും ചെയ്തിട്ടും വരാത്ത ടീമുകളെ അയോഗ്യരാക്കുന്നതും പരിഗണനയിലാണെന്ന് മന്ത്രി അറിയിച്ചു.

പി ആർ ചേംബറിൽ നടന്ന പരിപാടിയിൽ മേയർ ആര്യാ രാജേന്ദ്രൻ, വിവിധ കമ്മിറ്റി ചെയർമാൻമാരായ എം വിൻസെന്റ് എം.എൽ.എ., ഐ ബി സതീഷ് എം.എൽ.എ., ആന്റണിരാജു എം.എൽ.എ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എസ് ഷാനവാസ്, മറ്റു കമ്മിറ്റി കൺവീനർമാർ തുടങ്ങിയവർ പങ്കെടുത്തു.

# തലച്ചോറിലെ അന്യൂറിസം പരിഹരിച്ച് കിംസ്ഹെൽത്തിലെ ഡോക്ടർമാർ

**തിരുവനന്തപുരം:** തലച്ചോറിൽ അന്യൂറിസം ബാധിച്ച് ഗുരുതരവസ്ഥയിലായിരുന്ന 56കാരിയിൽ അതിനൂതന ചികിത്സയുമായി കിംസ്ഹെൽത്തിലെ മെഡിക്കൽ സംഘം. തലചുറ്റൽ, കടുത്ത തലവേദന, ഛർദി തുടങ്ങിയ രോഗലക്ഷണങ്ങളെ തുടർന്ന് തിരുവനന്തപുരം സ്വദേശിനിയായ രോഗിയെ അടിയന്തിരമായി എമർജൻസി മെഡിസിൻ വിഭാഗത്തിൽ പ്രവേശിപ്പിക്കുകയായിരുന്നു.

വിശദപരിശോധനയിൽ രോഗിയുടെ തലച്ചോറിൻറെ താഴ്ഭാഗത്തെ പ്രധാന രക്തധമനികളിലൊന്നിൽ അഞ്ച് മില്ലിമീറ്റർ നീളവും നാല് മില്ലിമീറ്റർ വീതിയുമുള്ള അന്യൂറിസം കണ്ടെത്തി. സഞ്ചിയുടെ രൂപത്തിലുണ്ടായിരുന്ന അന്യൂറിസം പൊട്ടിയ നിലയിലായിരുന്നു. തുടർന്ന് ബലൂൺഅസിസ്റ്റഡ് കോയിലിംഗ് എന്ന അതിനൂതന പ്രൊസീജിയർ വഴി രോഗാവസ്ഥ ഭേദമാക്കുകയിരുന്നു. തലച്ചോറിലേക്ക് രക്തം എത്തിക്കുന്ന ധമനികളിൽ ഉണ്ടാകുന്ന വീക്കമാണ് അന്യൂറിസം.

പ്രമേഹവും ഹൈപ്പർടെൻഷനുമാണ് പ്രധാനമായും ഇത്തരത്തിലുള്ള അന്യൂറിസത്തിലേക്ക് നയിക്കുന്നതെന്ന് ചികിത്സയ്ക്ക് നേതൃത്വം നൽകിയ ന്യൂറോ ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം സീനിയർ കൺസൾട്ടൻറ് ഡോ. സന്തോഷ് ജോസഫ് പറഞ്ഞു.




ചെറിയൊരു പിഴവ് പോലും കൂടുതൽ സങ്കീർണതകളിലേക്ക് നയിക്കാമെന്ന സാഹചര്യത്തിൽ അത്യാധുനിക ത്രീഡി ഫ്ലൂറോസ്കോപിക് സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് ചികിത്സ പൂർത്തീകരിച്ചത്. ഇത്തരം അന്യൂറിസം ചികിത്സിക്കുന്നതിനായി സാധാരണയായി തലയോട്ടി തുറന്നുള്ള സങ്കീർണ ശസ്ത്രക്രിയാരീതികളാണ് സ്വീകരിച്ചിരുന്നത്. എന്നാൽ എൻഡോവാസ്കുലാർ രീതിയിലൂടെ ശസ്ത്രക്രിയയോ ശരീരത്ത് പാടുകളോ നീണ്ട ആശുപത്രി വാസമോ ഇല്ലാതെ രോഗം ഭേദമാക്കാൻ സാധിക്കുമെന്ന് ഡോ. സന്തോഷ് ജോസഫ് അഭിപ്രായപ്പെട്ടു.

ന്യൂറോ ഇൻററവൻഷണൽ റേഡിയോളജി സീനിയർ കൺസൽട്ടൻറ് ഡോ. മനീഷ് കുമാർ യാദവ്, ഇമേജിംഗ് ആൻഡ് ഇൻററവൻഷണൽ റേഡിയോളജി വിഭാഗം ചീഫ് കോർഡിനേറ്ററും സീനിയർ കൺസൾട്ടന്റുമായ ഡോ. മാധവൻ ഉണ്ണി, ന്യൂറോ അനസ്തേഷ്യ വിഭാഗത്തിലെ ഡോ. ശരത് സുരേന്ദ്രൻ എന്നിവർ ചികിത്സയുടെ ഭാഗമായി.

# സപ്ലൈകോ ക്രിസ്തുമസ് ന്യൂ ഇയർ ഫെയർ ഇന്ന് ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** സപ്ലൈകോയുടെ ആഭിമുഖ്യത്തിലുള്ള ഈ വർഷത്തെ ക്രിസ്തുമസ്ന്യൂ ഇയർ ഫെയറുകൾ ഡിസംബർ 21 മുതൽ 30 വരെ സംഘടിപ്പിക്കും. ക്രിസ്തുമസ് ന്യൂഇയർ ഫെയറുകളുടെ സംസ്ഥനതല ഉദ്ഘാടനം ഇന്ന് (ഡിസംബർ 21) രാവിലെ 10.30ന് പുത്തരിക്കണ്ടം മൈതാനിയിലെ നായനാർ പാർക്കിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിലിന്റെ അധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ പൊതുവിദ്യഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ആദ്യ വിൽപ്പന നിർവഹിക്കും.

ഫെയറുകൾ സംഘടിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി മന്ത്രി ജി.ആർ. അനിൽ അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിലാണ് പ്രത്യേക ഫെയറുകൾ സംഘടിപ്പിക്കുന്നത്. മറ്റു ജില്ലകളിൽ ജില്ലാ ആസ്ഥാനത്തെ സപ്ലൈകോയുടെ പ്രധാന സൂപ്പർ മാർക്കറ്റ് സപ്ലൈകോ ക്രിസ്തുമസ്ന്യൂ ഇയർ ഫെയറായി പ്രവർത്തിക്കും.

13 ഇനം സബ്സിഡി സാധനങ്ങൾക്ക് പുറമെ ശബരി ഉൽപ്പന്നങ്ങൾ, എഫ്.എം.സി.ജി ഉത്പന്നങ്ങൾ എന്നിവ 10 മുതൽ 40 ശതമാനം വിലക്കുറവിൽ ഫെയറുകളിലൂടെ വിൽപന നടത്തും. ബ്രാന്റഡ് നിത്യോപയോഗ സാധനങ്ങൾക്ക് 5 മുതൽ 30 ശതമാനം വരെ വിലക്കുറവാണ് സപ്ലൈകോയിൽ നൽകുക. ഇതിനുപുറമെ ജില്ലാ ഫെയറുകളിലും സൂപ്പർ മാർക്കറ്റുകളിലും ഉച്ചയ്ക്ക് ശേഷം 2.30 മുതൽ 4 വരെ ഫ്ലാഷ് സെയിൽസ് നടത്തും. സബ്സിഡി ഇതര ഉത്പന്നങ്ങൾക്ക് നിലവിൽ നൽകുന്ന ഓഫറിനെക്കാൾ 10 ശതമാനം വരെ അധിക വിലക്കുറവ് ഈ സമയത്ത് ജനങ്ങൾക്ക് ലഭ്യമാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വാർഷികാഘോഷം ജനുവരി 21ന്

**തിരുവനന്തപുരം:** കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പതിമൂന്നാം വാർഷികാഘോഷം ജനുവരി 21ന് 11 മണിക്ക് എറണാകുളത്തെ ഐ.എം.എ ഹൗസ് കലൂരിൽ കേരള ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ ഉദ്ഘാടനം ചെയ്യും. കെ.എ.ടി ചെയർമാനും കേരള ഹൈക്കോടതി ജഡ്ജിയും ആക്ടിങ് ചീഫ് ജസ്റ്റിസും ആയിരുന്ന ജസ്റ്റിസ് സി.കെ അബ്ദുൾ റഹിം അധ്യക്ഷത വഹിക്കുന്ന പരിപാടിയിൽ നിയമ, വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് മുഖ്യാതിഥി ആയിരിക്കും. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ മുഖ്യപ്രഭാഷണ നടത്തും. അഡ്വക്കേറ്റ് ജനറൽ അഡ്വ. കെ. ഗോപാലകൃഷ്ണക്കുറുപ്പ്, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ അഡ്വ. റ്റി.എ. ഷാജി, അഭിഭാഷക അസോസിയേഷൻ പ്രസിഡന്റുമാർ തുടങ്ങിയവർ ആശംസകൾ അർപ്പിക്കും.

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും സർക്കാർ സ്കൂൾ അധ്യാപകരുടെയും പ്രത്യേകം അധികാരപ്പെടുത്തുന്ന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും സർവീസ് സംബന്ധമായ വ്യവഹാരങ്ങളും കേരള പബ്ലിക് സർവീസ് കമ്മീഷൻ വിവിധ തസ്തികകളിലേക്ക് നടത്തുന്ന തെരഞ്ഞെടുപ്പ് സംബന്ധിക്കുന്ന വ്യവഹാരങ്ങളുമാണ് പ്രധാനമായും കെ.എ.ടി യുടെ പരിധിയിൽ വരുന്ന കേസുകൾ.

കേരള ഹൈക്കോടതിയുടെ അധികാരപരിധിയിൽ വന്നിരുന്നതും അവിടെ കൈകാര്യം ചെയ്തിരുന്നതുമായ സർവീസ് കേസുകളാണ് കെ.എ.ടി ഇപ്പോൾ കൈകാര്യം ചെയ്ത് വരുന്നത്. പ്രവർത്തനം ആരംഭിച്ചു പതിമൂന്ന് വർഷം പിന്നിടുമ്പോൾ 55458 കേസുകളാണ് ഈ ട്രൈബ്യൂണലിൽ നിന്നും തീർപ്പാക്കപ്പെട്ടിട്ടുള്ളത്. നിലവിൽ 10908 കേസുകൾ തീർപ്പു കൽപ്പിക്കുന്നതിനായി ട്രൈബ്യൂണലിന്റെ പരിഗണനയിലുണ്ട്.

## രാജ്യത്തെ ആദ്യ പരമ്പരാഗത വൈദ്യ ഗവേഷണ കേന്ദ്രം കോട്ടൂരിൽ സ്ഥാപിക്കും: മന്ത്രി വീണാ ജോർജ്

**കാട്ടാക്കട:** രാജ്യത്തെ ആദ്യത്തെ പരമ്പരാഗത വൈദ്യ ഗവേഷണ കേന്ദ്രം കോട്ടൂരിൽ സ്ഥാപിക്കുമെന്ന് മന്ത്രി വീണാ ജോർജ്. ആയുഷ് ആരോഗ്യ കേന്ദ്രങ്ങളിൽ ആയുഷ് വകുപ്പ് 23കോടി രൂപ ചെലവിൽ നിർമാണം പൂർത്തിയാക്കിയ രണ്ട് പ്രവൃത്തികളുടെ ഉദ്ഘാടനവും 23 കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന നിർമാണ പ്രവൃത്തികളുടെ ഉദ്ഘാടനവും കോട്ടൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ജി.സ്റ്റീഫൻ എംഎൽഎ അധ!്യക്ഷത വഹിച്ചു.

നാഷണൽ ആയുഷ്മിഷൻ ഡയറക്ടർ ഡോ.ഡി.സജിത്ത് ബാബു, വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എസ്.ഇന്ദുലേഖ, കുറ്റിച്ചൽ പഞ്ചായത്ത് പ്രസിഡൻറ് ജി.മണികണ്ഠൻ, ജില്ലാ പഞ്ചായത്തംഗം എ.മിനി, ഡോ.കെ.എസ്.പ്രീയ, ഡോ.പി.ആർ.സജലകുമാരി, ഡോ.അജിത അതിയേടത്ത്, ഡോ.പി.ആർ.സജി, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പ്രസംഗിച്ചു.

# തെളിവധിഷ്ഠിത ഗവേഷണത്തിലൂടെ സിദ്ധ വൈദ്യശാസ്ത്രത്തിന് മുന്നേറാനാകണം: മന്ത്രി വീണാ ജോർജ്



**തിരുവനന്തപുരം:** തെളിവധിഷ്ഠിതമായ ഗവേഷണത്തിലൂടെ സിദ്ധ വൈദ്യശാസ്ത്രത്തിന് മുന്നേറാനാകണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങളിലൂടെ പാരമ്പര്യ വൈദ്യശാസ്ത്രം ജനകീയമാകുകയും വേണം. ഏത് വൈദ്യശാസ്ത്രത്തിലും ഗവേഷണം വളരെ പ്രധാനമാണ്. ഭാരതീയ ചികിത്സാ ശാസ്ത്രത്തിന് കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. അതിനുതകുന്ന പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. വെൽനെസിനായും ചികിത്സയ്ക്കായും ആഗോളതലത്തിൽ നിന്നും ധാരാളം പേർ കേരളത്തിലെത്തുന്നുണ്ട്. കേരളത്തെ ഹെൽത്ത് ഹബ്ബാക്കുമ്പോൾ അതിൽ ആയുഷിന്റെ എല്ലാ മേഖലയേയും പരിഗണിക്കും. 4 പുതിയ സിദ്ധ വർമ്മ യൂണിറ്റുകളും ജീവിതശൈലി രോഗ നിവാരണത്തിനുള്ള 2 സ്പെഷ്യാലിറ്റി ക്ലിനിക്കുകളും ഈ വർഷം പ്രവർത്തനമാരംഭിക്കുന്നതാണ്. ചെന്നൈ ആസ്ഥാനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിദ്ധയുമായി ചേർന്ന് ജീവനക്കാർക്ക് പരിശീലനം നൽകുമെന്നും മന്ത്രി വ്യക്തമാക്കി. എട്ടാമത് സിദ്ധ ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം പൂജപ്പുര സരസ്വതീ മണ്ഡപത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ഭാരതീയ ചികിത്സ സമ്പ്രദായങ്ങളിൽ ഏറ്റവും പഴക്കം ചെന്നതും ദക്ഷിണ ഭാരതത്തിൽ പ്രചാരത്തിൽ ഉള്ളതുമായ വൈദ്യ ശാസ്ത്രമാണ് സിദ്ധ വൈദ്യം. സിദ്ധ വൈദ്യശാസ്ത്രത്തിന് കാലഘട്ടത്തിന് അനുസൃതമായുള്ള ജനകീയ അടിത്തറയും മുന്നോട്ട്പോക്കും ആവശ്യമാണ്. വർത്തമാന കാലഘട്ടത്തിൽ സിദ്ധയെ ജനകീയമാക്കുന്നതിന് സൂക്ഷമങ്ങളായ പ്രവർത്തനങ്ങൾ ആവശ്യമാണ്. അതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് അടിസ്ഥാന സൗകര്യ വികസനങ്ങളൊരുക്കുകയും ഗവേഷണത്തിന് പിന്തുണ നൽകുകയും ചെയ്തു.

സിദ്ധ പരമാവധി ജനകീയമാക്കുന്ന കർമ്മപരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിന്റെ 20 കിടക്കകളോട് കൂടിയ ആശുപത്രി, 6 ഡിസ്പെൻസറികൾ, നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ 28 സ്ഥാപനങ്ങൾ, നാഷണൽ ആയുഷ് മിഷന്റെ കീഴിൽ 3 ട്രൈബൽ യൂണിറ്റുകൾ, ഭാരതീയ ചികിത്സാ വകുപ്പിന്റെ ആശുപത്രികളിൽ 10 അറ്റാച്ച്ഡ് യൂണിറ്റുകൾ, 3 ഇന്റഗ്രേറ്റഡ് ആയുഷ് മെഡിക്കൽ യൂണിറ്റുകൾ എന്നിവ സംസ്ഥാനത്ത് സിദ്ധ വിഭാഗത്തിൽ പ്രവർത്തിച്ചു വരുന്നു.

സ്ത്രീകളും പെൺകുട്ടികളും അഭിമുഖീകരിക്കുന്ന വിളർച്ചാ രോഗം, ഇതര സ്ത്രീരോഗങ്ങൾ എന്നിവ അകറ്റി ആരോഗ്യ പൂർണമായ ഭാവി തലമുറ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടു കൂടി ഭാരതീയ ചികിത്സാ വകുപ്പും നാഷണൽ ആയുഷ് മിഷനും ചേർന്ന് 'മഗളിർ ജ്യോതി' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ ഈ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. അസ്ഥി സന്ധി രോഗ ചികിത്സക്കായി 3 സിദ്ധ വർമ യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സിദ്ധ വിഭാഗത്തിലെ പാലിയേറ്റിവ് കെയർ യൂണിറ്റ് ആലപ്പുഴ മണ്ണഞ്ചേരിയിൽ പ്രവർത്തിച്ചു വരുന്നു.

നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. ഡി. സജിത് ബാബു അധ്യക്ഷത വഹിച്ച ചടങ്ങിൽ ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടർ ഡോ. പ്രിയ കെ.എസ്., ഹോമിയോപ്പതി വകുപ്പ് വകുപ്പ് ഡയറക്ടർ ഇൻ ചാർജ് ഡോ. ബീന എം.പി., ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. ടി.ഡി. ശ്രീകുമാർ, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് പിസിഒ ഡോ. ടി.കെ. വിജയൻ, ഭാരതീയ ചികിത്സ വകുപ്പ് ജോ. ഡയറക്ടർ ഡോ. പി.ആർ. സലജ കുമാരി, സിദ്ധ പ്രാദേശിക ഗവേഷണ കേന്ദ്രം, പൂജപ്പുര റിസർച്ച് ഓഫീസർ (സിദ്ധ) & ഇൻ ചാർജ് ഡോ. നടരാജൻ എസ് , തിരുവനന്തപുരം ഐഎസ്എം ഡിഎംഒ ഇൻ ചാർജ് ഡോ. അജിത അതിയേടത്ത്, നാഷണൽ ഹെൽത്ത് മിഷൻ തിരുവനന്തപുരം ഡിപിഎം ഡോ. ആശ വിജയൻ, ദേശീയ ആയുഷ് മിഷൻ സംസ്ഥാന പ്രോഗ്രാം മാനേജർമാരായ ഡോ. ജയനാരായണൻ. ആർ, ഡോ. സജി പി.ആർ. എന്നിവർ പങ്കെടുത്തു.



# സഹകരണവകുപ്പ് കൺസ്യൂമർഫെഡ് ക്രിസ്മസ്പുതുവത്സര വിപണിക്കു തുടക്കം

**ഏറ്റുമാനൂർ:** സഹകരണമേഖലയുടേത് സാമൂഹിക പ്രതിബദ്ധതയാർന്ന പ്രവർത്തനങ്ങളാണെന്നും അതിന്റെ ഭാഗമായാണ് സഹകരണവകുപ്പ് കൺസ്യൂമർഫെഡ് വഴി സബ്സിഡി നിരക്കിൽ ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതെന്നും സഹകരണതുറമുഖദേവസ്വം വകുപ്പു മന്ത്രി വി.എൻ. വാസവൻ. സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൺസ്യൂമർഫെഡ് സംഘടിപ്പിക്കുന്ന ക്രിസ്മസ്പുതുവത്സരവിപണിയുടെ സംസ്ഥാനതല ഉദ്ഘാടനം കോട്ടയം ഏറ്റുമാനൂർ ത്രിവേണി അങ്കണത്തിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

ഓണം, ക്രിസ്മസ്, റംസാൻ തുടങ്ങി ആഘോഷകാലയളവുകളിൽ പൊതുവിപണിയിലെ വിലവർധന തടയാൻ ഇടപെടുന്ന സഹകരണ സ്ഥാപനമാണ് കൺസ്യൂമർഫെഡ്. സഹകരണവകുപ്പ് കൺസ്യൂമർഫെഡ് വഴി 13 നിത്യോപയോഗ സാധനങ്ങൾ സബ്സിഡി വിലയിൽ നൽകുന്നു. 1601 രൂപയുടെ കിറ്റ് 1082 രൂപയ്ക്ക് നൽകുന്നു. സാധാരണക്കാർക്ക് ആശ്വാസം പകരാനും പൊതുവിപണിയിലെ വില നിയന്ത്രിക്കാനുമുള്ള സർക്കാരിന്റെ നടപടികളുടെ ഭാഗമായാണ് സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുന്നത്. കോവിഡ് കാലത്ത് പൾസ് ഓക്സിമീറ്റർ 950 രൂപയ്ക്ക് കൺസ്യൂമർ ഫെഡ് നൽകിയിരുന്നു. 3000 രൂപ പൊതുവിപണിയിൽ വിലയുള്ള സമയത്താണിത്. ആരോഗ്യമേഖലയിലും സഹകരണസ്ഥാപനങ്ങൾ സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്നു. ഗുണമേന്മയേറിയ സാധനങ്ങൾ വിലക്കുറവിൽ ലഭ്യമാക്കുകയാണ് കൺസ്യൂമർ ഫെഡ് ചെയ്യുന്നതെന്നും മന്ത്രി പറഞ്ഞു. വേദിയിൽ കേക്ക് മുറിച്ച് ക്രിസ്മസ് ആഘോഷത്തിലും മന്ത്രി പങ്കെടുത്തു.

ഏറ്റുമാനൂർ നഗരസഭാധ്യക്ഷ ലൗലി ജോർജ് പടിയറ അധ്യക്ഷയായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു മുഖ്യാതിഥിയായി. കൺസ്യൂമർഫെഡ് മാനേജിങ് ഡയറക്ടർ എം. സലീം റിപ്പോർട്ട് അവതരിപ്പിച്ചു. നഗരസഭാംഗങ്ങളായ ഇ.എസ്. ബിജു, രശ്മി ശ്യാം, സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർ കെ.വി. സുധീർ, കൺസ്യൂമർ ഫെഡ് കോട്ടയം ഡയറക്ടർ പ്രമോദ് ചന്ദ്രൻ, അസിസ്റ്റന്റ് രജിസ്ട്രാർ ഉണ്ണിക്കൃഷ്ണൻ നായർ, ജില്ലാ സഹകരണ ആശുപത്രി വൈസ് ചെയർമാൻ കെ.എൻ. വേണുഗോപാൽ, ഏറ്റുമാനൂർ സഹകരണ ബാങ്ക് പ്രസിഡന്റ് ബിജു ജോസഫ് കൂമ്പിക്കൽ, റീജണൽ മാനേജർ പി.എൻ. മനോജ്, രാഷ്ട്രീയകക്ഷി പ്രതിനിധി ബാബു ജോർജ് എന്നിവർ പ്രസംഗിച്ചു.

# ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ നവീകരണ പരിശോധനകളുമായി സർക്കാർ മുന്നോട്ട്: മന്ത്രി വി ശിവൻകുട്ടി

**തിരുവനന്തപുരം:** ചോദ്യപ്പേപ്പർ തയ്യാറാക്കൽ സംവിധാനം നവീകരിക്കുന്ന പരിശോധനകളുമായി സർക്കാർ മുന്നോട്ടു പോകുമെന്ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. ടേം പരീക്ഷകൾക്ക് ചോദ്യപേപ്പർ തയ്യാറാക്കുന്ന പ്രക്രിയ മറ്റു ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ ചിട്ടപ്പെടുത്തുന്നത് ആലോചിക്കും. ഇക്കാര്യങ്ങളുടെയെല്ലാം പ്രായോഗികത തീർച്ചയായും പരിശോധിക്കുമെന്നും പി ആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി പറഞ്ഞു.

ചോദ്യപേപ്പർ ചോർത്തുന്നതും പരസ്യപ്പെടുത്തുന്നതും കുട്ടികളോട് ചെയ്യുന്ന ക്രൂരതയാണ്. ഈ ക്രൂരത ചെയ്യുന്നവരെ തീർച്ചയായും നിയമത്തിന് മുമ്പിൽ കൊണ്ടു വരും. അക്കാദമിക ധാർമ്മികത പുലർത്താത്തവരെ സമൂഹം തന്നെ തിരിച്ചറിഞ്ഞ് ജനമധ്യത്തിൽ കൊണ്ടുവരണം. എല്ലാ കാലത്തും പൊതു വിദ്യാഭ്യാസരംഗത്തെ താങ്ങി നിർത്തിയതും പുഷ്ടിപ്പെടുത്തിയതും പൊതുസമൂഹമാണ്. ഈ കാര്യത്തിലും അത് അത്യാവശ്യമാണ്.

കെ.ഇ.ആർ. അദ്ധ്യായം 8 ൽ റൂൾ 11 പ്രകാരം ആന്തരികമായ എഴുത്തുപരീക്ഷകൾ നടത്തി കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്ന ഉത്തരവാദിത്വം അതത് സ്കൂൾ പ്രധാനാധ്യാപകരിൽ നിക്ഷിപ്തമാണ്. ഇത് പ്രകാരം സ്കൂൾ അടിസ്ഥാനത്തിലാണ് ചോദ്യപേപ്പർ തയ്യാറാക്കിയിരുന്നത്. 1980 കളോടെ സ്വകാര്യ ഏജൻസികൾ ഈ രംഗത്ത് വലിയ തോതിൽ കടന്നുവരികയും അവരുടെ നേതൃത്വത്തിൽ ചോദ്യപേപ്പർ തയ്യാറാക്കി വിതരണം ചെയ്യുന്ന തരത്തിലേക്ക് എത്തുകയും ചെയ്തു. ഇത് കച്ചവട രൂപത്തിലേക്ക് മാറി. ഈ പ്രവർത്തനം ഒട്ടേറെ ആക്ഷേപങ്ങൾക്ക് ഇടയാക്കി. ഈ ഘട്ടത്തിൽതന്നെ അധ്യാപക സംഘടനകളും ചോദ്യപേപ്പർ നിർമാണവും അതിന്റെ വിൽപനയും നടത്തിയിരുന്നു. 1996 97 കളോടെ പല സബ് ജില്ലകളിലും എ.ഇ.ഒ. മാരുടെ നേതൃത്വത്തിൽ സബ് ജില്ലാടിസ്ഥാനത്തിൽ അധ്യാപകരെ പങ്കെടുപ്പിച്ച് ചോദ്യപേപ്പർ നിർമിച്ച് വിതരണം ചെയ്യുന്ന സംവിധാനം നിലവിൽ വന്നു. ഈ ഘട്ടത്തിലെല്ലാം കുട്ടികളിൽ നിന്നാണ് ചോദ്യപേപ്പർ നിർമാണത്തിന് ആവശ്യമായ തുക ശേഖരിച്ചിരുന്നത്.

2007 കഴിഞ്ഞാണ് കേന്ദ്രീകരിച്ച ചോദ്യ നിർമാണത്തിലേക്ക് കടന്നത്. ഈ ഘട്ടത്തിലും ജില്ലാടിസ്ഥാനത്തിലാണ് ചോദ്യ നിർമാണം ഉണ്ടായിരുന്നത്. 200809ൽ വിദ്യാഭ്യാസ അവകാശ നിയമം വരുന്ന പശ്ചാത്തലം ഒരുങ്ങിയതോടു കൂടി മൂല്യനിർണയം കുറേക്കൂടി ചിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായും കുട്ടികളിൽ നിന്ന് പണം പിരിക്കാതെ സൗജന്യമായി നൽകേണ്ടതിനാലും സർവ്വശിക്ഷാ അഭിയാനെ (എസ്.എസ്.എ) ഉപയോഗപ്പെടുത്തിക്കൊണ്ട് കേന്ദ്രീകൃതമായ ചോദ്യനിർമാണവും വിതരണവും ആരംഭിച്ചു. ചോദ്യപേപ്പറുമായി ബന്ധപ്പെട്ട വിവാദങ്ങളും ഇത്തരമൊരു തീരുമാനത്തിലേക്ക് നയിച്ചിട്ടുണ്ട്. പരീക്ഷകളുടെ സ്വഭാവവും രഹസ്യാത്മകതയും ഗുണനിലവാരവും നിലനിർത്തി എങ്ങനെ മുന്നോട്ടു പോകാമെന്ന് ഗൗരവമായി ആലോചിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

# കണ്ണൂർ ജില്ലയിലെ ആദ്യത്തെ ഹരിത ബാങ്കായി ചെറുതാഴം സർവ്വീസ് സഹകരണ ബാങ്ക

**കണ്ണൂർ:** ജില്ലയിലെ ആദ്യത്തെ ഹരിത ബാങ്കായി ചെറുതാഴം സർവ്വീസ് സഹകരണ ബാങ്കിനെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ. രത്നകുമാരി പ്രഖ്യാപിച്ചു. മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിത സ്ഥാപന പ്രഖ്യാപനത്തിന്റെ ജില്ലാതല ഉദ്ഘാടനം ചെറുതാഴം സർവ്വീസ് സഹകരണ ബാങ്കിൽ അവർ നിർവഹിച്ചു. ചെറുതാഴം ഗ്രാമ പഞ്ചായത്തിന്റെയും ഹരിത കേരള മിഷന്റെയും ചെറുതാഴം സർവ്വീസ് സഹകരണ ബാങ്കിന്റെയും സംയുക്ത ആഭിമുഖ്യത്തിലാണ് പ്രഖ്യാപനം നടത്തിയത്. ബാങ്കിന്റെ എല്ലാ ബ്രാഞ്ചുകളും വ്യാപാര യൂനിറ്റുകളും പരിസരവും ശുചീകരിച്ച് പൂച്ചട്ടികളും പൂന്തോട്ടവും ഒരുക്കിയിട്ടുണ്ട്. ജൈവ അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനുള്ള ബിന്നുകൾ സ്ഥാപിക്കുകയും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തു. ജൈവ മാലിന്യങ്ങൾ സംസ്കരിക്കാൻ പിലാത്തറ അഗ്രി മാർട്ടിൽ ഒമ്പത് ലക്ഷം രൂപ ചിലവഴിച്ച് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു. നരീക്കാംവള്ളി സ്റ്റോക്പോയന്റിലും പിലാത്തറ ഹെഡ് ഓഫീസിലും ഇൻസിനേറ്റർ സ്ഥാപിച്ചു. ചെറുതാഴം ഗ്രാമപഞ്ചായത്തിലെ34 ഹരിത കർമ്മ സേനാംഗങ്ങളെ ആദരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് എം ശ്രീധരൻ അധ്യക്ഷനായി. നവകേരള മിഷൻ ജില്ലാ കോഓർഡിനേറ്റർ ഇ.കെ സോമശേഖരൻ പദ്ധതി വിശദീകരണം നടത്തി. അസിസ്റ്റന്റ് രജിസ്ട്രാർ എം.കെ സൈബുന്നിസ ബാങ്കിന്റെ കലണ്ടർ പ്രകാശനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ എ.വി രവീന്ദ്രൻ, പഞ്ചായത്ത് അംഗം ടി.വി കുഞ്ഞിക്കണ്ണൻ, അസിസ്റ്റന്റ് ഡയറക്ടർ പി.വി ഉമേഷ്, ബാങ്ക് പ്രസിഡന്റ് കെ പ്രമോദ്, എന്നിവർ സംസാരിച്ചു.




# കേരളത്തിലെ ആദ്യ വെർച്വൽ അനാട്ടമി ടേബിൾ അമൃതയിൽ

**കൊച്ചി :** മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് നൂതന ചുവടുവയ്പായി കേരളത്തിലെ ആദ്യ വെർച്വൽ അനാട്ടമി ടേബിൾ അമൃത വിശ്വവിദ്യാപീഠം കൊച്ചി ഹെൽത്ത് സയൻസസ് ക്യാമ്പസിൽ പ്രവർത്തന സജ്ജമായി. യഥാർത്ഥ മൃതദേഹങ്ങളിൽ നിന്നുള്ള വിവരങ്ങളും ആധുനിക വിഷ്വലൈസേഷൻ സാങ്കേതിക വിദ്യയും കോർത്തിണക്കി ശരീരത്തെ അതിന്റെ യഥാർത്ഥ വലിപ്പത്തിൽ പുനസൃഷ്ടിച്ച് ഡിജിറ്റൽ പ്ലേറ്റ്ഫോമിലൂടെ വിദ്യാർത്ഥികളിലേക്ക് എത്തിക്കാൻ സാധിക്കുന്നു എന്നതാണ് 'അനാട്ടമേജ്' വെർച്വൽ അനാട്ടമി ടേബിളിന്റെ സവിശേഷത.സ്കൂൾ ഓഫ് മെഡിസിനിൽ സംഘടിപ്പിച്ച ചടങ്ങിൽ വെർച്വൽ അനാട്ടമി ടേബിൾ ഉൾപ്പെടുന്ന ഡിജിറ്റൽ അനാട്ടമി ലാബ് പ്രോവസ്റ്റും അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടറുമായ ഡോ. പ്രേം നായർ ഉൽഘാടനം ചെയ്തു. ഡോ. കെ.പി ഗിരീഷ് കുമാർ, ഡോ. മിനി പിള്ളൈ, ഡോ. സുബ്രഹ്മണ്യ അയ്യർ, ഡോ. ആശ. ജെ. മാത്യു, ഡോ. രതി സുധാകരൻ, ഡോ. നന്ദിത എന്നിവർക്കൊപ്പം വിവിധ വിഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു.

മൃതദേഹങ്ങൾ ഉപയോഗിച്ചുള്ള പഠനത്തെ വെർച്വൽ അനാട്ടമി ടേബിൾ ഇന്ററാക്റ്റീവായ പുതിയ തലത്തിലേക്ക് ഉയർത്തുന്നു . ശരീരഭാഗങ്ങളുടെ ത്രീഡി അവതരണത്തിലൂടെ സങ്കീർണ്ണമായ ശരീരഘടനകളെ അടുത്തറിയാനും റിയൽ ടൈം ക്ലിനിക്കൽ സിമുലേഷൻ വഴി രോഗങ്ങൾ ശരീരത്തെ എങ്ങനെ ബാധിക്കുന്നുവെന്ന് വ്യക്തമായി മനസ്സിലാക്കാനും സാധിക്കുമെന്ന് അമൃത സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ ഡോ. കെ.പി ഗിരീഷ് കുമാർ പറഞ്ഞു. അമൃത ഹെൽത്ത് സയൻസസ് ക്യാമ്പസിലെ അയ്യായിരത്തോളം മെഡിക്കൽ വിദ്യാർഥികൾക്ക് ഈ സംവിധാനം പ്രയോജനപ്പെടും.രോഗനിർണയം, ശസ്ത്രക്രിയകളുടെ ആസൂത്രണം, എന്നിവയ്ക്കൊപ്പം രോഗികളോടുള്ള ആശയവിനിമയത്തിനും അനാട്ടമേജ് ടേബിൾ ഉപയോഗപ്പെടുന്നു. മെഡിക്കൽ ട്രെയിനികൾക്ക് ഡിസെക്ഷൻ,ക്രേനിയോട്ടമി, അൾട്രാസൗണ്ട്, കത്തീറ്ററൈസേഷൻ എന്നിവ സുരക്ഷിതമായി പരിശീലിക്കാനും തെറ്റുകൾ സംഭവിക്കാനുള്ള സാധ്യത കുറച്ച് കൃത്യതയാർന്ന ശസ്ത്രക്രിയകൾക്കും പ്രൊസീജ്യറുകൾക്കും വഴിയൊരുക്കാനും ഇതിനാൽ സാധിക്കുന്നു. വെർച്വൽ അനാട്ടമി ടേബിളിലെ ആയിരക്കണക്കിന് പേഷ്യന്റ് കേസുകളും ഹിസ്റ്റോളജി സ്കാനുകളും വിവിധങ്ങളായ രോഗകാരണങ്ങളും കോശഘടനകളും മനസ്സിലാക്കാൻ സഹായിക്കുന്നു.യഥാർത്ഥ മൃതദേഹങ്ങളിൽ നിന്നുമുള്ള ശീതീകരിച്ച ശരീരഭാഗങ്ങളിൽ നിന്ന് രൂപകല്പന ചെയ്ത ഡിജിറ്റൽ കഡാവറുകളായതിനാൽ തന്നെ ഉയർന്ന വ്യക്തതയോടെ അവയുടെ യഥാർത്ഥ വലുപ്പത്തിൽ ത്രീഡി ദൃശ്യമായി അവതരിപ്പിക്കാൻ സാധിക്കുന്നു. പുരുഷന്റെയും സ്ത്രീയുടെയും വാർദ്ധക്യ ബാധിതന്റെയും, ഗർഭിണിയുടെയും ശരീരങ്ങൾ 0.5 മില്ലി മീറ്റർ വരെ സൂക്ഷ്മതയോടെ ഉയർന്ന ദൃശ്യനിലവാരത്തിൽ വെർച്വൽ അനാട്ടമി ടേബിളിൽ ലഭ്യമാണ്. ഈ ശരീരങ്ങളിലെ രക്തചംക്രമണ വ്യവസ്ഥയും പൂർണ്ണമായി ചിത്രീകരിച്ചിരിക്കുന്നു. പഠനത്തിനും വിശകലനങ്ങൾക്കുമായി ആയിരക്കണക്കിന് ശാരീരിക ഘടനകളെ ഈ സംവിധാനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് സുവ്യക്തമായ അനാട്ടമി വിശകലനങ്ങൾക്ക് പ്രയോജനപ്പെടും.

# കേരളത്തിലെ വാഹനങ്ങൾക്ക് കെഎൽ സീരീസിൽ ഏകീകൃത റജിസ്ട്രേഷൻ വരുന്നു

**കോട്ടയം:** സംസ്ഥാനത്തു റജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്കെല്ലാം കെഎൽ എന്ന സീരീസിൽ ഏകീകൃത റജിസ്ട്രേഷൻ വരുന്നു. ഇതു സംബന്ധിച്ചു പഠിച്ചു റിപ്പോർട്ട് നൽകാൻ എറണാകുളം ഡപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ അനൂപ് വർക്കിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചു. തൃശൂർ ആർടിഒ ജയേഷ് കുമാർ, ഇടുക്കി ആർടിഒ ഷബീർ, പത്തനംതിട്ട എൻഫോഴ്സ്മെന്റ് ആർടിഒ വി.ആർ.ജോയി, തിരൂരങ്ങാടി ജോയിന്റ് ആർടിഒ വേണുകുമാർ, മൂവാറ്റുപുഴ ആർടിഒ ഓഫിസിലെ ജൂനിയർ സൂപ്രണ്ട് പ്രകാശ് എന്നിവരാണു കമ്മിറ്റി അംഗങ്ങൾ.

യൂണിഫൈഡ് റജിസ്ട്രേഷന്റെ ഗുണദോഷങ്ങളും നിർദേശങ്ങളും സഹിതം മൂന്നാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനാണു കമ്മിറ്റിക്കു ട്രാൻസ്പോർട്ട് കമ്മിഷണർ നൽകിയിരിക്കുന്ന നിർദേശം. സ്വകാര്യ വാഹനങ്ങൾക്കുള്ള സംസ്ഥാനാന്തര റജിസ്ട്രേഷൻ ഒഴിവാക്കാൻ കേന്ദ്ര സർക്കാർ രാജ്യത്ത് 'ഭാരത് സീരീസ്' (ബിഎച്ച് സീരീസ്) എന്ന പേരിൽ ഏകീകൃത റജിസ്ട്രേഷൻ സംവിധാനം കൊണ്ടുവന്നിരുന്നെങ്കിലും കേരളം നടപ്പാക്കിയിട്ടില്ല.

റജിസ്റ്റർ ചെയ്ത സംസ്ഥാനത്തിനു പുറത്ത് വാഹനം ഒരു വർഷത്തിലേറെ ഉപയോഗിക്കുമ്പോൾ റീ,റജിസ്ട്രേഷൻ വേണമെന്ന നിബന്ധന ഒഴിവാക്കുന്നതാണ് ഇത്.

# 92ാമത് ശിവഗിരിതീർത്ഥാടനം 30ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഉദ്ഘാടനം നിർവഹിക്കും

**വർക്കല:** ശ്രീനാരായണഗുരുദേവൻ അനുഗ്രഹിച്ചനുവദിച്ച ശിവഗിരി തീർത്ഥാടനത്തിൻറെ ചരിത്രധന്യതയുമായി 92 ാമത് ശിവഗിരി തീർത്ഥാടനം 2024 ഡിസംബർ 30,31, 2025 ജനുവരി 1 തീയതികളിൽ ശിവഗിരി മഠത്തിൽ നടക്കുകയാണ്. ഇതിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായിക്കഴിഞ്ഞു.

ഡിസംബർ 30നു രാവിലെ 10 മണിക്ക് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ 92ാമത് ശിവഗിരി തീർത്ഥാടനത്തിൻറെ ഉദ്ഘാടനം നിർവഹിക്കും. ശ്രീനാരായണധർമ്മസംഘം ട്രസ്റ്റ് പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി അധ്യക്ഷത വഹിക്കും. ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ അനുഗ്രഹപ്രഭാഷണവും സംസ്ഥാന പാർലമെൻററി കാര്യമന്ത്രി എം.ബി. രാജേഷ് മുഖ്യപ്രഭാഷണവും നടത്തും. 11.30 നു നടക്കുന്ന വിദ്യാഭ്യാസ സമ്മേളനം പൊതുവിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. ഭക്ഷ്യവകുപ്പ്മന്ത്രി ജി.ആർ.അനിൽ അധ്യക്ഷനായിരിക്കും. ചടങ്ങിൽ നാരയണഗുരുകുല അധ്യക്ഷൻ മുനിനാരായണപ്രസാദ് സ്വാമിയെ ആദരിക്കും. മുൻപ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല എം.എൽ.എ വിശിഷ്ടാതിഥിയായിരിക്കും. ഉച്ചയ്ക്ക് 2 നു ധനകാര്യ മന്ത്രി കെ.എൻ.ബാലഗോപാൽ ശാസ്ത്രസാങ്കേതിക സമ്മേളനം ഉദ്ഘാടനം ചെയ്യും. ഇൻറർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. അനന്തരാമകൃഷ്ണൻ അധ്യക്ഷത വഹിക്കും. വൈകിട്ട് 5 നു നടക്കുന്ന ശുചിത്വം, ആരോഗ്യം, ഉന്നതവിദ്യാഭ്യാസം സമ്മേളനം ആരോഗ്യവകുപ്പ്മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ അധ്യക്ഷത വഹിക്കും. പത്മശ്രീ ഡോ. മാർത്താണ്ഡപിള്ള, ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. സിസ തോമസ് എന്നിവർ പ്രഭാഷണങ്ങൾ നടത്തും. രാത്രി 7 മണിക്ക് കലാപരിപാടികളുടെ ഉദ്ഘാടനം മല്ലിക സുകുമാരൻ നിർവഹിക്കും.

ഡിസംബർ 31 ന് രാവിലെ 5.30 നു ഗുരുദേവമഹാസമാധിയിൽ നിന്നും അലങ്കരിച്ച ഗുരുദേവ റിക്ഷയ്ക്ക് സന്യാസിമാരും പീതാംബരധാരികളായ പദയാത്രികരും തീർത്ഥാടകരും അകമ്പടി സേവിച്ച് തീർത്ഥാടനഘോഷയാത്ര പുറപ്പെടും. 10 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ തീർത്ഥാടനമഹാസമ്മേളനം ഉദ്ഘാടനം ചെയ്യും. സച്ചിദാനന്ദസ്വാമി അധ്യക്ഷത വഹിക്കും. സ്വാമി സൂക്ഷ്മാനന്ദയും സ്വാമി ശാരദാനന്ദയും അനുഗ്രഹപ്രഭാഷണങ്ങൾ നടത്തും. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, സഹകരണവകുപ്പ് മന്ത്രി വി.എൻ. വാസവൻ, എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ, ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫ് അലി എന്നിവർ വിശിഷ്ടാതിഥികളായിരിക്കും. ഉച്ചയ്ക്ക് 2 നു ചേരുന്ന കൃഷി,കൈത്തൊഴിൽ, വ്യവസായം,ടൂറിസം സമ്മേളനം കേന്ദ്ര ടൂറിസംവകുപ്പ് മന്ത്രി ഗജേന്ദ്രസിംഗ് ഷെഖാവത്ത് ഉദ്ഘാടനം ചെയ്യും. സംസ്ഥാന വ്യവസായവകുപ്പ് മന്ത്രി പി.രാജീവ് അധ്യക്ഷത വഹിക്കും. വൈകിട്ട് 5നു നടക്കുന്ന ഈശ്വരഭക്തി സർവ്വമതസമ്മേളനം കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്യും.ശ്രീരാമകൃഷ്ണാശ്രമത്തിലെ സ്വാമി നന്ദാത്മജാനന്ദ അധ്യക്ഷനായിരിക്കും. രാത്രി 12 മണിക്ക് മഹാസമാധിയിൽ പുതുവത്സര പൂജയും സമൂഹപ്രാർത്ഥനയും നടക്കും.

# തിരക്ക് കൂടുന്നു; 27 ലക്ഷം തീർഥാടകർ ശബരിമലയിലെത്തി



**ശബരിമല:** മണ്ഡല കാലത്ത് ശബരിമല തീർഥാടകരുടെ എണ്ണത്തിൽ വൻ വർധന. തീർഥാടനം ആരംഭിച്ച കഴിഞ്ഞ നവംബർ 15 മുതൽ 19 വരെ 27,04,356 അയ്യപ്പഭക്തർ ദർശനം നടത്തിയതായാണ് കണക്കുകൾ. ഇത് റിക്കാർഡാണ്. മുൻവർഷം ഇതേ കാലയളവിൽ 22,54,562 ഭക്തരാണ് ദർശനത്തിനെത്തിയത്. മണ്ഡലകാലം തുടങ്ങി ഏറ്റവും കൂടുതൽ അയ്യപ്പഭക്തർ ശബരിമലയിൽ വന്നത് വ്യാഴാഴ്ചയാണ്, 96,007 പേർ.

തത്സമയ ബുക്കിംഗ് 10,000 ആയി നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും വ്യാഴാഴ്ച ഇതു പ്രയോജനപ്പെടുത്തിയത് 22,121 പേരാണ്. മണ്ഡലപൂജയോടനുബന്ധിച്ച ദിവസങ്ങളിലെ തിരക്ക് നിയന്ത്രിക്കുന്നതിനായി 25, 26 തീയതികളിൽ വെർചൽ ക്യൂ ബുക്കിംഗ് സമയം കർശനമായും പാലിക്കുവാൻ ഭക്തർ ശ്രദ്ധിക്കേണ്ടതാണെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചു. 22 മുതൽ തിരക്ക് വർധിക്കുമെന്നാണ് കണക്കുകൂട്ടൽ.

# പ്രഥമ കെഐആർഎഫ് റാങ്ക് നേടി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല



**കൊച്ചി:** എൻഐആർഎഫ് മാതൃകയിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (കെഐആർഎഫ്) റാങ്ക് നേടി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല.

മന്ത്രി ആർ ബിന്ദു തൃശൂരിൽ വാർത്താസമ്മേളനത്തിലാണ് പ്രഥമ കെഐആർഎഫ് റാങ്കുകൾ പ്രഖ്യാപിച്ചത്. കേരള സർക്കാരും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും ചേർന്നാണ് കെഐആർഎഫ് റാങ്കിങ് ഏർപ്പെടുത്തിയത്. ഇന്ത്യയിലാദ്യമായാണ് ഒരു സംസ്ഥാനം ഇങ്ങനെയൊരു റാങ്കിങ് സംവിധാനത്തിന് തുടക്കമിടുന്നത്.

നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ മുഖേന വിദ്യാഭ്യാസ മന്ത്രാലയം പ്രഖ്യാപിക്കുന്ന എൻഐആർഎഫ് റാങ്കിംഗിന്റെ മാതൃകയിൽ വിഭാവനം ചെയ്ത സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെഐആർഎഫ് റാങ്കിംഗ് അക്കാദമിക് മികവിന്റെ അടിസ്ഥാനത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്താനും ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുവാനും സഹായമാകാനാണ് കെഐആർഎഫ് റാങ്കിങ് സംവിധാനം ലക്ഷ്യമിടുന്നത്.

'കേരളത്തിൽ ഏറ്റവും കൂടുതൽ അക്കാദമിക റിസോഴ്സുകളുള്ള കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല കേരളത്തിന്റെ വികസനത്തിന് അനുഗുണമായ രീതിയിൽ അടിസ്ഥാനശാസ്ത്രമേഖലകളിലെ ഗവേഷണത്തിനും വ്യവസായങ്ങളുടെ സഹകരിച്ച് കൊണ്ട് വികസിപ്പിക്കുന്ന സാങ്കേതികവിദ്യകൾക്കും അനുബന്ധപ്രവർത്തനങ്ങൾക്കുമുള്ള അംഗീകാരമാണിത്. ദേശീയ, അന്തർദേശീയ സ്ഥാപനങ്ങൾക്കിടയിൽ ഉന്നതനിലവാരം പുലർത്തുന്ന അക്കാദമിക സ്ഥാപനങ്ങളുമായി കൈകോർത്ത് കുസാറ്റ് നടത്തുന്ന അക്കാദമികഗവേഷണ മുന്നേറ്റങ്ങൾക്ക് ഒരു ഊർജ്ജമാകും ഈ പുരസ്കാരം. കുസാറ്റിന്റെ ഈ നേട്ടത്തിനു പിന്നിൽ പ്രവർത്തിച്ചവർക്കെല്ലാം നന്ദി. മുൻകാലങ്ങളിൽ കുസാറ്റിന് സാരഥ്യം വഹിച്ച ഏവരെയും ഈ അവസരത്തിൽ സ്മരിക്കുന്നു. സംസ്ഥാന സർക്കാരും കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലും ഏർപ്പെടുത്തിയ കെഐആർഎഫ് അക്കാദമികമേഖലയിലെ കേരളത്തിന്റെ മുന്നേറ്റങ്ങളിൽ പ്രധാനപങ്ക് വഹിക്കുമെന്ന് തീർച്ചയാണ്,' റാങ്കിംഗിൽ ഒന്നാം സ്ഥാനം നേടിയതിൽ സന്തോഷം രേഖപ്പെടുത്തിയ കുസാറ്റ് വൈസ് ചാൻസലർ ഡോ എം ജുനൈദ് ബുഷിരി പറഞ്ഞു.

സർവ്വകലാശാലാ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ കുസാറ്റ് അദ്ധ്യാപനം, പഠനവും വിഭവശേഷിയും , വിജ്ഞാന വ്യാപനവും ഗവേഷണ മികവും, ബിരുദഫലം , ഔട്ട്റീച്ച് ആൻഡ് ഇൻക്ലൂസിവിറ്റി , സയന്റിഫിക് ടെമ്പർ ആൻഡ് സെക്യുലർ ഔട്ട്ലുക്ക് , എന്നിങ്ങനെ അഞ്ചി ശാലമായ പാരാമീറ്ററുകളിലായി യഥാക്രമം 93.32, 97, 82, 60.96, 43 പോയിന്റുകൾ നേടി.

വെള്ളിയാഴ്ച തൃശ്ശൂരിൽ നടന്ന വാർത്താ സമ്മേളനത്തിൽ ആർ. ബിന്ദു സർവകലാശാലകൾക്ക് പുറമെ സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, ടീച്ചർ എഡ്യൂക്കേഷൻ കോളേജുകൾ, നഴ്സിംഗ് കോളേജുകൾ, അഗ്രികൾച്ചർ & അലൈഡ് കോളേജുകൾ എന്നിവ നേടിയ റാങ്കുകളും പ്രഖ്യാപിച്ചു.

കുസാറ്റ് കാമ്പസിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും ചേർന്ന് സംഘടിപ്പിക്കുന്ന ഉന്നത വിദ്യാഭ്യാസ കോൺക്ലേവിന്റെ ലോഗോയും പ്രകാശനം ചെയ്തു. 'ഷേപ്പിംഗ് കേരളാസ് ഫ്യൂച്ചർ: ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ്ജെൻ ഹയർ എജ്യുക്കേഷൻ' എന്ന കോൺക്ലേവ് ജനുവരി 14, 15 തീയതികളിൽ നടക്കും.

ലോകമെമ്പാടുമുള്ള 1,744 സ്ഥാപനങ്ങളുടെ ക്യുഎസ് സുസ്ഥിരതാ റാങ്കിംഗിൽ 2025ൽ കുസാറ്റ് ആദ്യ ആയിരം പേരിൽ ഇടം നേടിയത് ഈയിടെയാണ്. ഈ വർഷം പ്രസിദ്ധീകരിച്ച 2024ലെ ഇന്ത്യാ ടുഡേ റാങ്കിങ്ങിൽ രാജ്യത്ത് ഏഴാം സ്ഥാനവും, എൻഐആർഎഫ് റാങ്കിങ്ങിൽ ഇന്ത്യൻ സർവകലാശാലകളുടെ പട്ടികയിൽ 34ആം സ്ഥാനവും, ടൈംസ് ഹയർ എജ്യുക്കേഷൻ ഇന്റർ ഡിസിപ്ലിനറി സയൻസ് റാങ്കിംഗിൽ ഇന്ത്യയിൽ 27ആം സ്ഥാനവും കുസാറ്റ് നേടിയിരുന്നു

# പ്രസിഡന്റ്സ് ട്രോഫി ജലോത്സവവും ചാമ്പ്യൻസ് ബോട്ട് ലീഗ് ഫൈനലും ഇന്ന്

**കൊല്ലം:** അഷ്ടമുടിക്കായലിൽ പ്രസിഡൻറ്സ് ട്രോഫി ജലോത്സവവും ചാംപ്യൻസ് ബോട്ട് ലീഗ് ഫൈനലും ഇന്ന് നടക്കും. ഉച്ചയ്ക്ക് രണ്ടിന് മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും. മേയർ പ്രസന്ന ഏണസ്റ്റ് പതാക ഉയർത്തും. എം.മുകേഷ് എംഎൽഎ അധ്യക്ഷത വഹിക്കും. എൻ.കെ. പ്രേമചന്ദ്രൻ എംപി മാസ് ഡ്രിൽ ഫ്ളാഗ് ഓഫ് ചെയ്യും.സമാപനസമ്മേളനവും സമ്മാനദാനവും മന്ത്രി കെ.എൻ .ബാലഗോപാൽ നിർവഹിക്കും. സമാപനസമ്മേളനത്തിൽ എം. നൗഷാദ് എംഎൽഎ അധ്യക്ഷനാവും. എംപി മാരായ കൊടിക്കുന്നിൽ സുരേഷ്, കെ.സി .വേണുഗോപാൽ, എംഎൽഎമാരായ പി.എസ്. സുപാൽ, സുജിത്ത് വിജയൻപിള്ള, ജി.എസ്. ജയലാൽ, കോവൂർ കുഞ്ഞുമോൻ, പി.സി വിഷ്ണുനാഥ്, ആർ .മഹേഷ്,ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഡോ. പി.കെ. ഗോപൻ, ജില്ലാ കളക്ടർ എൻ. ദേവിദാസ്, ടൂറിസം സെക്രട്ടറി കെ. ബിജു, ഡയറക്ടർ ശിഖ സുരേന്ദ്രൻ, സബ് കളക്ടർ നിഷാന്ത് സിൻഹാര, എഡിഎം ജി .നിർമൽകുമാർ, ഡെപ്യൂട്ടി മേയർ കൊല്ലം മധു, കൗൺസിലർ ഹണി ബെഞ്ചമിൻ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് എക്സ് ഏണസ്റ്റ്, വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, സംഘാടകസമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കും.വിവിധ മത്സരങ്ങളിലായി ഒമ്പത് ചുണ്ടൻ വള്ളങ്ങളും 10 ചെറുവള്ളങ്ങളുമാണു പങ്കെടുക്കുന്നത്. വെപ്പ് എ ഗ്രേഡ് ഇനത്തിൽ രണ്ട് വള്ളങ്ങൾ, ഇരുട്ടുകത്തി എ ഗ്രേഡ് ഇനത്തിൽ രണ്ട് വള്ളങ്ങൾ, ഇരുട്ടുകത്തി ബി ഗ്രേഡ് മൂന്ന് വള്ളങ്ങൾ, വനിതകൾ തുഴയുന്ന തെക്കേതോടി മൂന്ന് വള്ളങ്ങൾ എന്നിങ്ങനെ 10 വള്ളങ്ങളാണ് പ്രസിഡൻറ്സ് ട്രോഫി മത്സരത്തിൽ പങ്കെടുക്കുക.

തേവള്ളി കൊട്ടാരത്തിന് സമീപത്തു നിന്നുള്ള സ്റ്റാർട്ടിങ് പോയിൻറ് മുതൽ കെഎസ്ആർടിസി ബസ് സ്റ്റാൻറിനു സമീപത്തെ ബോട്ട് ജെട്ടി വരെ 1,100 മീറ്ററിലാണ് മത്സരം. ഫലപ്രഖ്യാപനത്തിൽ കൃത്യത ഉറപ്പാക്കാൻ ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യകളാണ് സജ്ജമാക്കിയിട്ടുള്ളത്.

# കുസാറ്റ്: ഐപിആർ സ്റ്റഡീസിൽ അസിസ്റ്റൻറ് പ്രൊഫസർമാരുടെ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഐപിആർ സ്റ്റഡീസിൽ അക്കാദമിക് ലെവൽ 10 (യുജുസി പേ മാട്രിക്സ്) പ്രകാരം 5 വർഷത്തെ ടെന്യുർ ട്രാക് അടിസ്ഥാനത്തിൽ നിയമിക്കുന്ന അസിസ്റ്റൻറ് പ്രൊഫസർമാരുടെ 5 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

യോഗ്യത സംബന്ധിച്ച വിശദവിവരങ്ങൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനും സർവകലാശാല വെബ്സൈറ്റായ www.cusat.ac.in സന്ദർശിക്കുക. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ ഒപ്പിട്ട ഹാർഡ് കോപ്പി (പ്രായം, യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പുകൾ സഹിതം) ഡയറക്ടർ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഐപിആർ സ്റ്റഡീസ് കുസാറ്റ് കൊച്ചി22 എന്ന വിലാസത്തിൽ 30.12.2024നോ അതിനുമുമ്പോ ലഭിക്കത്തക്കവിധം അയക്കണം. 13.11.2024 ലെ അറിയിപ്പ് പ്രകാരം എൻഗേജ്മെൻറിനായി അപേക്ഷിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.



**ജി എസ് ടിയിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് എം എസ് എം ഇ സെക്രട്ടറി എസ് സി എൽ ദാസിന് ബേക്കേഴ്സ് അസോസിയേഷൻ കേരള സംസ്ഥാന ജനറൽ സെക്രട്ടറി ബിജു പ്രേംശങ്കർ, ഇന്ത്യൻ ബേക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി വിജേഷ് വിശ്വനാഥ് എന്നിവർ ചേർന്ന് നിവേദനം നൽകുന്നു.**

# ജി എസ് ടിയിലെ അപാകതകൾ പരിഹരിക്കണമെന്ന് ബേക്കേഴ്സ് അസോസിയേഷൻ

**കൊച്ചി:** ജി എസ് ടിയിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് എം എസ് എം ഇ സെക്രട്ടറി എസ് സി എൽ ദാസിന് ബേക്കേഴ്സ് അസോസിയേഷൻ കേരള സംസ്ഥാന ജനറൽ സെക്രട്ടറി ബിജു പ്രേംശങ്കർ, ഇന്ത്യൻ ബേക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി വിജേഷ് വിശ്വനാഥ് എന്നിവർ ചേർന്ന് നിവേദനം നൽകി. 24 മണിക്കൂറിന് താഴെ ഷെൽ ലൈഫ് ഉള്ള പരമ്പരാഗത പ്രാദേശിക ലഘു ഭക്ഷണങ്ങളായ പഴംപൊരി, വട, കൊഴുക്കട്ട മുതലായവയ്ക്ക് നിലവിൽ 18 ശതമാനം ആണ് ജി എസ് ടി നിശ്ചയിച്ചിരിക്കുന്നത്. എച്ച് എസ് എൻ കോഡ് നിർണയിക്കാത്തത് കൊണ്ട് മാത്രമാണ് ഉൽപ്പന്നങ്ങൾക്ക് 18% ജിഎസ്ടി ആക്കിയിരിക്കുന്നത്. ഇത് പരിഹരിക്കുന്നതിന് വേണ്ടി ജിഎസ്ടി കൗൺസിലിന്റെ അഡ്വാൻസ് റൂളിംഗ് സംവിധാനത്തെ സമീപിച്ചിട്ട് ഒരു വർഷത്തിലേറെയായിട്ടും ഇതുവരെ വ്യക്തത ലഭിച്ചിട്ടില്ലന്നു നിവേദനത്തിൽ ചൂണ്ടിക്കാട്ടി.

ഭക്ഷ്യ ഉൽപ്പന്നങ്ങൾക്ക് നിലവിൽ 5%, 12%, 18% എന്നിങ്ങനെ വ്യത്യസ്തമായ ജിഎസ്ടിയാണ് നിശ്ചയിച്ചിരിക്കുന്നത് . ഇത് ഏകീകരിച്ച് എല്ലാ ഉൽപ്പന്നങ്ങൾക്കും അഞ്ചു ശതമാനം ആക്കണമെന്നും ബേക്കേഴ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു. . ഗ്രീൻ കാറ്റഗറിയുടെ പ്രിവ്യൂവിന് കീഴിൽ വരുന്ന സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ ചട്ടങ്ങളിൽ ഇളവ് നെൽകണമെന്നും, ചെറുകിട ഭക്ഷ്യോത്പാദകർക്ക് ലാബ് ലെസ്റ്റ് വിഷയവുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങളിൽ എം എസ് എം ഇ മന്ത്രാലയത്തിന്റെ ഇടപെടൽ വേണമെന്നും ബേക്കേഴ്സ് അസോസിയേഷൻ കേരളയുടെ ഭാരവാഹികൾ ആവശ്യപ്പെട്ടു.

# ഹാർബർ പാലം ഗതാഗതത്തിന് തുറന്നുനൽകി

**മട്ടാഞ്ചേരി:** നവീകരണം പൂർത്തിയാക്കി ഹാർബർ പാലം ഗതാഗതത്തിന് തുറന്നുനൽകി. ഇതോടെ കഴിഞ്ഞ ഒരു മാസമായി പശ്ചിമ കൊച്ചി അനുഭവിച്ച ഗതാഗതക്കുരുക്കിന് പരിഹാരമായി. പാലത്തിന്റെ മധ്യഭാഗത്ത് കുഴികൾ രൂപപ്പെട്ട് ഗതാഗതം ദുസ്സഹമായ സാഹചര്യത്തിലാണ് കെ.ജെ.മാക്സി എംഎൽഎ ഇടപെട്ട് പാലം നവീകരണ ജോലികൾക്ക് നടപടി എടുത്തത്.

21 മുതൽ പാലം അടച്ചിട്ടു. 8 ദിവസം കൊണ്ട് നവീകരണ ജോലികൾ പൂർത്തിയാക്കാനാണ് തീരുമാനിച്ചതെങ്കിലും നവീകരണ ജോലിയുടെ രീതിയിൽ മാറ്റം വരുത്തേണ്ടി വന്നതോടെ തുറക്കുന്നത് വൈകി. മാസ്റ്റിക് ആസ്ഫൾട്ട് വിത് ബിസി എന്ന രീതിയിലാണ് ടാറിങ് നടത്തിയിരിക്കുന്നത്. കെ.ജെ.മാക്സി എംഎൽഎ നവീകരിച്ച പാലം ഗതാഗതത്തിന് തുറന്നു നൽകി.

# ആൾട്ട് ഡിആർഎക്സ് ഹോം ഇൻവെസ്റ്റ്മെന്റ് കേരളത്തിലും

**കൊച്ചി:** റിയൽ എസ്റ്റേറ്റ് നിക്ഷേപ പ്ലാറ്റ്ഫോമായ ആൾട്ട് ഡിആർഎക്സ് ഹോളിഡേ ഹോം പോർട്ട്ഫോളിയോ അവതരിപ്പിച്ചുകൊണ്ട് കേരളത്തിലേക്ക് വ്യാപിപ്പിക്കുന്നു. കേരളത്തിന്റെ ശക്തമായ ടൂറിസം വളർച്ചയെ മുന്നിൽ കണ്ടുകൊണ്ടാണ് ഈ നീക്കമെന്ന് ആൾട്ട് ഡിആർഎക്സ് സ്ഥാപകൻ അവിനാഷ് റാവു പറഞ്ഞു.

.നൂതന സാങ്കേതിക വിദ്യയിലൂടെയും ഫ്രാക്ഷണൽ ഉടമസ്ഥതയിലൂടെയും റിയൽ എസ്റ്റേറ്റ് നിക്ഷേപങ്ങൾ ആൾട്ട് ഡിആർഎക്സ് ലളിതമാക്കുന്നു. കേരളത്തിലെ പ്രധാന ടൂറിസ്റ്റ് ലൊക്കേഷനുകളിലെ ഉയർന്ന നിലവാരമുള്ള ഹോളിഡേ ഹോമുകളായിരിക്കും കമ്പനിയുടെ ഉദ്ഘാടന പോർട്ട്ഫോളിയോ. ഇത് വളർന്നുവരുന്ന ടൂറിസം മേഖലയിൽ നിക്ഷേപകർക്ക് മികച്ച അവസരങ്ങൾ നൽകും.മൂന്നാറിലെ ഹിൽസ്റ്റേഷനിൽ സ്ഥിതിചെയ്യുന്ന 14 പ്രീമിയം കോട്ടേജുകളുള്ള റിസോർട്ടാണ് പോർട്ട്ഫോളിയോയിലെ ആദ്യ പർച്ചേസ്. ഗോവ പോലുള്ള സ്ഥാപിത വിപണികളിൽ കാണുന്ന നിലവിലെ ശരാശരിയെക്കാൾ ഉയർന്ന 7 10% റെന്റൽ ആദായം നിക്ഷേപകർക്ക് കേരളത്തിൽ പ്രതീക്ഷിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.



# പുരസ്കാരം സ്വന്തമാക്കി ആക്സിയ ടെക്നോളജീസ്

**തിരുവനന്തപുരം:** വാഹനഗതാഗത സോഫ്ട്!വെയർ നിർമാണകമ്പനിയായ ആക്സിയ ടെക്നോളജീസിന് ഇക്കൊല്ലത്തെ സി.ഐ.ഐ ഇൻഡസ്ട്രി അക്കാഡമിയ പാർട്ണർഷിപ്പ് പുരസ്കാരം. ന്യൂഡൽഹിയിൽ നടന്ന സി.ഐ.ഐയുടെ വാർഷിക ഉച്ചകോടിയിൽ, സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസങ്ങളുടെ പട്ടികയിലെ ഡയമണ്ട് വിഭാഗത്തിലാണ് കമ്പനിയുടെ നേട്ടം.

സാങ്കേതികവിദ്യ, ബൗദ്ധിക സ്വത്തുകൾ, അക്കാദമിക സ്ഥാപനങ്ങളുമായുള്ള സഹകരണം എന്നീ രംഗങ്ങളിൽ മികവ് പുലർത്തുന്ന കമ്പനികൾ, പഠന,ഗവേഷണ സ്ഥാപനങ്ങൾ എന്നിവയ്ക്കാണ് പുരസ്കാരം നൽകിവരുന്നത്. അക്കാദമിക സ്ഥാപനങ്ങളുമായുണ്ടാക്കുന്ന സഹകരണത്തിനും അറിവിനും തൊഴിലിനുമിടയിലെ അന്തരം കുറച്ച് വിദ്യാർത്ഥികൾക്ക് നൈപുണ്യവികസനം നൽകുന്നതിലുമുള്ള ആക്സിയ ടെക്നോളജീസിന്റെ തീവ്ര ശ്രമങ്ങൾക്കുള്ള അംഗീകാരമാണ് പുരസ്കാരമെന്ന് കമ്പനിയുടെ സ്ഥാപകനും സിഇഒയുമായ ജിജിമോൻ ചന്ദ്രൻ പറഞ്ഞു. വിദ്യാർത്ഥികൾക്ക് മാർഗനിർദേശം നൽകുന്നതിനായി കമ്പനി തുടങ്ങിയ 'വീൽസ് ഓഫ് ദി ഫ്യൂച്ചർ' പോലെയുള്ള പദ്ധതികൾ ഫലം കണ്ടു. ഭാവിയിലെ വാഹനഗതാഗത രംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവരാനുള്ള വൈദഗ്ധ്യം പുതുതലമുറ ചെറുപ്പക്കാരിൽ വികസിപ്പിക്കാനുള്ള ശ്രമങ്ങൾ തുടരുമെന്ന് അദ്ദേഹം പറഞ്ഞു.ടിവിഎസ് മോട്ടോർസ് , ടാറ്റ മോട്ടോർസ്, ഹിന്ദുസ്ഥാൻ ഏറോനോട്ടിക്സ് ലിമിറ്റഡ്, എച്ച്.സി.എൽ ടെക്ക്, സെറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, ടിസിഎസ് , മഹിന്ദ്ര ആൻഡ് മഹിന്ദ്ര, ഉനോ മിൻഡ, ഐഐടി മദ്രാസ്, ഹിന്ദുസ്ഥാൻ യുണിലിവർ ലിമിറ്റഡ്, ബയോകോൺ ബയോലോജിക്സ് തുടങ്ങിയ വമ്പൻ സ്ഥാപനങ്ങൾക്കാണ് ആക്സിയ ടെക്നോളജീസിനൊപ്പം മറ്റ് വിഭാഗങ്ങളിൽ പുരസ്കാരം നേടിയത്.

# കൊച്ചി റോയൽഓക് ഫർണിച്ചറിൽ 70 ശതമാനം വരെ ഇളവുമായി വർഷാന്ത്യവിൽപ്പന

**കൊച്ചി:** മുൻനിര ഫർണിച്ചർ ബ്രാൻഡ് ആയ റോയൽഓക് ഫർണിച്ചർ 70 ശതമാനം വരെഇളവുകളുമായി വർഷാന്ത്യ വിൽപ്പന പ്രഖ്യാപിച്ചു. എറണാകുളം മാടവനയിള്ള ഷോറൂമിൽ പ്രീമിയം രാജ്യാന്തര ഫർണിച്ചറുകൾക്കും ഹോം ഡെക്കോർ ഉൾപ്പന്നങ്ങൾക്കുമടക്കം ഇളവ് ലഭിക്കും. ഓഫർ 2025 ജനുവരി വരെ തുടരും.

എക്സ്ക്ലുസീവ് ഡിസ്കൗണ്ടും പരിമിതകാല ഓഫറും സൗജന്യ ഡെലിവറി, ഇൻസ്റ്റലേഷൻ, വേഗത്തിൽ വായ്പ ഉന്നത ഗുണനിലവാരമുള്ള ഫർണിച്ചർ ഉൽപ്പന്നങ്ങൾ റോയൽഓക്കിലെ അമേരിക്കൻ, ഇറ്റാലിയൻ, മലേഷ്യൻ, എംപറർ കലക്ഷനുകളിലെ ലിവിങ് റൂം സെറ്റുകൾ, ബെഡ്റൂം ഫർണിച്ചർ, ഡൈനിങ് ടേബിൾ, ഒഫീസ് ഫർണിച്ചറുകൾ, ഔട്ട്ഡോർ ഫർണിച്ചറുകൾ, ഹോം ഡെക്കോർ ഉൽപന്നങ്ങൽ തുടങ്ങി എല്ലാ ഉൽപ്പന്നങ്ങൽക്കും ഈ ഓഫർ ലഭ്യമാണ്.



# പുതുവത്സരാഘോഷങ്ങൾക്കൊരുങ്ങി ദുബായ്

**ദുബായ്:** പുതുവർഷത്തെ വരവേൽക്കാനൊരുങ്ങി ദുബായ്. പ്രൗഢഗംഭീരമായ ദുബായ് നഗരത്തിന്റെ കാഴ്ചകളും മണലാരണ്യത്തിലെ സഫാരികളും ബീച്ച് റിസോർട്ടുകളും വൈവിധ്യമാർന്ന വിഭവങ്ങളുമടക്കം പുതുവത്സരാഘോഷങ്ങൾ ഏറ്റവും മനോഹരമാക്കാനുള്ള അവസരമാണ് സഞ്ചാരികളെ കാത്തിരിക്കുന്നത്. ശൈത്യകാല മാർക്കറ്റ്, ദുബായ് മാൾ, ഉത്സവ സീസണിലെ റെസ്റ്റോറന്റുകൾ, രാത്രികാല ആഘോഷങ്ങൾ തുടങ്ങി വൈവിധ്യവും നവീനവുമായ ആഘോഷങ്ങൾക്കാണ് ഈ പുതുവത്സരത്തിൽ ദുബായ് വേദിയാകുന്നത്.

ഡിസംബർ 6 ന് സൂക്ക് മദീനത്ത് ജുമൈറയിലെ വാർഷിക ക്രിസ്മസ് വിപണി തുടങ്ങി. ഡിസംബർ 14 മുതൽ 22 വരെ വിന്റർ ഡിസ്ട്രിക്റ്റ് രണ്ടാം എഡിഷൻ ആരംഭിക്കും. സ്നോ പ്ലേ ഏരിയ, സാന്റാസ് ഗ്രോട്ടോ എന്നിവ ഇവിടെ ആസ്വദിക്കാം.

ദുബായിലെ ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും ഉത്സവ സീസണിലുടനീളം പ്രത്യേക മെനു ലഭ്യമാണ്. ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ 30ാമത് എഡിഷന്റെ ഭാഗമായി 2025 ജനുവരി 12 വരെ ഏറ്റവും മികച്ച ഷോപ്പിംഗ് അനുഭവങ്ങൾ ആസ്വദിക്കാം. ഡ്രോൺവെടിക്കെട്ട് പ്രദർശനങ്ങൾ, ലൈറ്റ് ആർട്ട് ഇൻസ്റ്റാളേഷനുകൾ എന്നിവയാണ് 38 ദിവസം നീണ്ടുനിൽക്കുന്ന മേളയിലെ മറ്റ് പ്രധാന ആകർഷണങ്ങൾ.

ഓൾഡ് ദുബായിലെ പരമ്പരാഗത സൂക്ക് വിപണികളിൽ സ്വർണ്ണം, സുഗന്ധവ്യഞ്ജനം, മിർഹ് എന്നിവ കാണാനുള്ള അവസരവും ഈ പുതുവത്സരാഘോഷങ്ങളുടെ ഭാഗമായി ലഭിക്കും.

അറ്റ്ലാന്റിസ്, ദി പാം എന്നിവിടങ്ങൾ പുതുവത്സരാഘോഷത്തിന് ഏറ്റവും അനുയോജ്യമാണ്. പാം ജുമൈറയിലെ റിസോർട്ട് പുതുവത്സരാഘോഷത്തിന് പേരുകേട്ടതാണ്.

ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കെട്ടിടമായ ഖുർജ് ഖലീഫയിലെ വെടിക്കെട്ട് പ്രദർശനങ്ങൾ മുതൽ ബീച്ചിലെ ഗാലകൾ തുടങ്ങി അന്താരാഷ്ട്ര കലാകാരന്മാരുടെ പ്രകടനങ്ങൾ വരെ ഈ പുതുവത്സരത്തിന്റെ ഭാഗമായി ആസ്വദിക്കാം.



# കൊച്ചി ഗ്രാൻഡ് ഹോട്ടലിന് ദേശിയ ഊർജ്ജ സംരക്ഷണ പുരസ്കാരം

**കൊച്ചി:** ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ദേശിയ ഊർജ സംരക്ഷണ പുരസ്കാരം വിതരണം ചെയ്തു.

ഹോട്ടൽ വിഭാഗത്തിൽ കൊച്ചിയിലെ ഗ്രാൻഡ് ഹോട്ടലിന് ഒന്നാം സ്ഥാനം ലഭിച്ചു. ന്യൂഡൽഹി വിഗ്യാൻ ഭവനിൽ നടന്ന ചടങ്ങിൽ കേന്ദ്രസഹമന്ത്രി ശ്രീപദ് യെസ്സോനായികിൽ നിന്ന് ഗ്രാൻഡ് ഹോട്ടൽ ചീഫ് എൻജിനീയർ വിജയകുമാർ ഏറ്റുവാങ്ങി. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറാണ് പുരസ്കാര വിതരണ ചടങ്ങ് ഉദ്ഘാടനം ചെയ്തത്.

ഊർജ്ജ സംരക്ഷണത്തിനായി ഓരോ വർഷവും നിശ്ചിത തുക ചെലവാക്കി നിരവധി പദ്ധതികൾ ഗ്രാൻഡ് ഹോട്ടൽ നടപ്പിലാക്കാറുണ്ട്.

മുൻ വർഷത്തെ അപേക്ഷിച്ച് നൂതന പദ്ധതികൾ ഊർജ്ജ സംരക്ഷണത്തിനായി ആവിഷ്കരിക്കുകയും വൈദ്യുതി ലാഭിക്കുകയും ചെയ്തത് പരിഗണിച്ചാണ് ഒന്നാം സ്ഥാനം ലഭിച്ചത്.

# ഒരു ലക്ഷത്തിലധികം ഡൗൺലോഡുമായി വിസാഡ് എഐ പോസ്റ്റർ മേക്കർ ആപ്പ്

**കൊച്ചി:** ചെറുകിട കച്ചവടക്കാർക്കും സംരംഭകർക്കും കുറഞ്ഞ ചെലവിൽ പോസ്റ്റർ ഡിസൈൻ സാധ്യമാക്കുന്ന വിസാഡ് എഐ പോസ്റ്റർ മേക്കർ ആപ്പ് ഒരു ലക്ഷത്തിലധികം ഡൗൺ ലോഡുമായി മുന്നേറുന്നു. മൊബൈൽ ഫോണിൽ എടുത്ത ഫോട്ടോയിലൂടെ ലോകോത്തര നിലവാരത്തിലുള്ള പോസ്റ്റർ ഡിസൈനാണ് വിസാഡ് ചെയ്യുന്നത്.സനീദ് എം ടി പി, റിത്വിക് പുറവങ്കര, ആഷിക് അബ്ദുൾ ഖാദർ എന്നിവർ ചേർന്ന് കൊവിഡ് കാലത്താണ് ഈ ആപ്പിന് രൂപം നൽകിയത്. ചില ബ്രാൻഡുകൾക്ക് ഡിസൈനിംഗ് ഒരുക്കുകയാണ് ആദ്യം ചെയ്തത്. എന്നാൽ ഈ മേഖലയെ ജനകീയവത്കരിച്ചാൽ അത് വലിയ അവസരമായിരിക്കുമെന്ന തിരിച്ചറിവിലൂടെയാണ് വിസാഡിന് രൂപം നൽകിയത്. ഇന്ന് ലോകത്തിന്റെ എല്ലാ ഭാഗത്തു നിന്നും വിസാഡിന് ഉപഭോക്താക്കളുണ്ടെന്ന് സനീദ് പറഞ്ഞു.

ഉത്സവസീസണുകളിലാണ് ചെറുകിട ബിസിനസുകാർക്ക് ഇത്തരം പോസ്റ്ററുകൾ ഏറെ അത്യാവശ്യമായി വരുന്നത്. കഴിഞ്ഞ ഓണത്തിന് രണ്ട് ലക്ഷത്തിലധികം പോസ്റ്ററുകളാണ് വിസാഡ് എഐ പോസ്റ്റർ മേക്കർ ആപ്പ് വഴി രൂപകൽപന ചെയ്തത്. ക്രിസ്മസ്പുതുവത്സര വിപണിയെ ഏറെ പ്രതീക്ഷയോടെയാണ് കാണുന്നതെന്നും സനീദ് പറഞ്ഞു.ഫോട്ടോയെടുക്കുക, ഉത്പന്നത്തിന്റെ വിവരം നൽകുക ഇത്രയും മാത്രമാണ് ഉപഭോക്താവ് ആപ്പിലൂടെ ചെയ്യേണ്ടതെന്ന് വിസാഡ് സഹസ്ഥാപകനായ റിത്വിക് പുറവങ്കര പറഞ്ഞു. ബാക്കിയെല്ലാം നിർമ്മിത ബുദ്ധി നോക്കിക്കോളും. മികച്ച ഡിസൈനിലുള്ള പോസ്റ്ററുകളിൽ നിന്ന ഇഷ്ടപ്പെട്ടത് തെരഞ്ഞെടുത്ത് ഉപയോഗിക്കാമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ന് ഏറ്റവും ചെലവേറിയ പരസ്യമാർഗമാണ് ഡിസൈനിംഗും ഫോട്ടോഗ്രാഫിയുമെന്ന് സഹസ്ഥാപകനായ ആഷിക് അബ്ദുൽ ഖാദർ ചൂണ്ടിക്കാട്ടി. അനുദിനം മാറിക്കൊണ്ടിരിക്കുന്ന വാണിജ്യ സാഹചര്യങ്ങളിൽ എല്ലായ്പോഴും പ്രൊഫഷണൽ സേവനം ലഭിക്കുകയെന്നത് ചെറുകിട ബിസിനസുകാരെ സംബന്ധിച്ച് സാമ്പത്തികമായി മുതലാകില്ല. ഈ പ്രതിസന്ധി മറികടക്കാനാണ് വിസാഡ് മുന്നോട്ടു വരുന്നത്.

വിസാഡ് എഐ പോസ്റ്റർ മേക്കർ ഡൗൺലോഡ് ചെയ്ത് ആദ്യ 30 ഡിസൈൻ സൗജന്യമായി ചെയ്യാം. പിന്നീട് 100 ഡിസൈനിന് 499 രൂപമാത്രമാണ് ഈടാക്കുന്നത്. 1499 രൂപയുടെ പ്ലാൻ എടുത്താൽ പരിധിയില്ലാതെ ഡിസൈൻ ലഭിക്കും. ആൻഡ്രോയിഡ്, ആപ്പിൾ ഐഒഎസ് എന്നിവയിലുംംംംം.ംശ്വ മറ.മശ എന്ന വെബ്സൈറ്റിലൂടെയും ആപ്പ് ഡൗൺലോഡ് ചെയ്യാം.

കേരള സ്റ്റാർട്ടപ്പ് മിഷനിൽ നിന്ന് വിവിധ ധനസഹായം വിസാഡിന് ലഭിച്ചിട്ടുണ്ട്. എയ്ഞ്ജൽ നിക്ഷപവും സീഡ് ഫണ്ടും ലഭിച്ചു. എൻവിഡിയ ഇൻസെപ്ഷൻ പ്രോഗ്രാം, ടിഎഐഎം, നാസ്കോം 10,000 സ്റ്റാർട്ടപ്പ്സ് തുടങ്ങിയ പ്രോഗ്രാമുകളുടെ ഭാഗം കൂടിയാണ് വിസാഡ്.

വിസാഡ് വൺ ഡിസൈൻ എഐ ഏജന്റാണെങ്കിൽ വിസാഡ് 2 മാർക്കറ്റിംഗ് ഏജന്റ് കൂടിയായിരിക്കും. നൂറിലധികം ഭാഷകൾ ഇതിലുണ്ടാകും. ഡിസൈനിംഗിൽ കുടുതൽ സേവനം ആവശ്യമാണെങ്കിൽ നിശ്ചിത തുക ഈടാക്കി അത് നൽകാനുള്ള സംവിധാനവുമുണ്ടാകും. വീഡിയോ ജെൻ എഐ ടൂളുകളുമുണ്ടാകും. ഇതിനു പുറമെ ഡിസൈനിലെന്ന പോലെ മാർക്കറ്റിംഗ് ലളിതവത്കരിക്കാനുള്ള മാർഗ്ഗങ്ങളും പുതിയ വെർഷനിലുണ്ടാകും.

ഒരു ലക്ഷം ഡൗൺലോഡിലൂടെ പത്ത് ലക്ഷത്തിലധികം പോസ്റ്ററുകൾ ഇതിനകം രൂപകൽപന ചെയ്തിട്ടുണ്ടെന്നാണ് കണക്ക്. ഇനി പത്തു ലക്ഷം ഡൗൺലോഡെന്നതാണ് ലക്ഷ്യം. ബിസിനസിലുപരി ചെറുകിട വ്യാപാരികളിൽ അവബോധം വളർത്തുന്നതും പ്രധാനമാണെന്നും മൂവരും വ്യക്തമാക്കി.



# സാമൂഹ്യവികസന പ്രവർത്തനത്തിൽ 12വർഷം ; ആഘോഷിച്ച് യെസ് ഫൗണ്ടേഷൻ

**കൊച്ചി:** യെസ് ബാങ്കിന്റെ സാമൂഹിക വികസന വിഭാഗമായ യെസ് ഫൗണ്ടേഷൻ 12ാം വാർഷികം ആഘോഷിച്ചു. കേരള മുൾപ്പെടെ 8 സംസ്ഥാനങ്ങളിലെ 70 ജില്ലകളിലായി 1 ദശലക്ഷത്തിലധികം ജീവിതങ്ങളിൽ വെളിച്ചമേകി. മുംബൈയിലെ യെസ് ബാങ്കിന്റെ ആസ്ഥാനത്ത് നടന്ന വാർഷികാഘോഷത്തിൽ യെസ് ബാങ്ക് എംഡിയും സിഇഒയുമായ പ്രശാന്ത് കുമാർ, മുതിർന്ന നേതാക്കൾ, ട്രസ്റ്റികൾ, ഉപദേശക സമിതി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

2026ഓടെ 100,000ത്തിലധികം യുവാക്കൾക്ക് തൊഴിലവസരങ്ങളും സംരംഭകത്വ അവസരങ്ങളും സൃഷ്ടിക്കുക എന്നതാണ് യെസ് ഫൗണ്ടേഷൻ ലക്ഷ്യമിടുന്നത്.യെസ് ബാങ്കിലൂടെയും യെസ് ഫൗണ്ടേഷനിലൂടെയും നടത്തുന്ന പ്രവർത്തനങ്ങളിലൂടെ അസമത്വങ്ങളെ നേരിടുന്നതിനും അവസരങ്ങളെ അവകാശങ്ങളാക്കി മാറ്റുന്നതിനും സമൂഹത്തിൽ ക്രിയാത്മകമായ മാറ്റം വരുത്തുന്നതിനുമുള്ള ശ്രമമാണ് തങ്ങൾ നടത്തുന്നതെന്ന് യെസ് ബാങ്ക് എംഡിയും സിഇഒയുമായ പ്രശാന്ത് കുമാർ പറഞ്ഞു.

# ഗോദ്റെജ് പ്രൊഫഷണൽ: ആദ്യ ബ്രാൻഡ് അംബാസഡറായി ഷർവാരി

**കൊച്ചി:** ഗോദ്റെജ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ (ജിസിപിഎൽ) കീഴിലുള്ള പ്രമുഖ പ്രൊഫഷണൽ ഹെയർ കെയർ ബ്രാൻഡായ ഗോദ്റെജ് പ്രൊഫഷണൽ, ബോളിവുഡിലെ യുവ താരം ഷർവാരിയെ തങ്ങളുടെ ആദ്യ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. ഹെയർ കളർ, ഹെയർ കെയർ ഉൽപന്നങ്ങളാണ് ബ്രാൻഡ് വാഗ്ദാനം ചെയ്യുന്നത്. രാജ്യത്തെ മികച്ച ഹെയർസ്റ്റൈലിസ്റ്റുകളെ ആദരിക്കുന്ന ഗോദ്റെജ് പ്രൊഫഷണൽ സ്പോട്ട്ലൈറ്റിന്റെ ഗ്രാൻഡ് ഫിനാലെയിലാണ് ബ്രാൻഡ് അംബാസിഡർ പ്രഖ്യാപനം നടന്നത്. മുഞ്ജ്യ, മഹാരാജ്, വേദ തുടങ്ങിയ ചിത്രങ്ങളിലെ മികച്ച പ്രകടനമാണ് ഷർവാരിയെ ശ്രദ്ധേയയാക്കിയത്.



ഗോദ്റെജ് പ്രൊഫഷണലിന്റെ ആദ്യ ബ്രാൻഡ് അംബാസഡറായി ഷർവാരിയെ സ്വന്തമാക്കുന്നതിൽ തങ്ങൾ സന്തുഷ്ടരാണെന്ന് ഗോദ്റെജ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡ് ജനറൽ മാനേജർ അഭിനവ് ഗ്രാന്ധി അഭിപ്രായപ്പെട്ടു. തങ്ങൾ മുന്നേറുകയും, ഹെയർ ആൻഡ് ബ്യൂട്ടി ഇൻഡസ്ട്രിയിൽ തങ്ങളുടെ സാനിധ്യം വിപുലീകരിക്കുകയും ചെയ്യുന്ന സമയത്താണ് അവരുടെ വരവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഗോദ്റെജ് പ്രൊഫഷണലിന്റെ ആദ്യത്തെ ബ്രാൻഡ് അംബാസഡറാകാൻ സാധിച്ചത് അഭിമാനകരമാണെന്ന് ഷർവാരി പറഞ്ഞു. 120 വർഷത്തിലേറെയായി ഇന്ത്യൻ കുടുംബങ്ങൾക്കിടയിൽ വിശ്വസനീയമായ പേരായ ഗോദ്റെജ്, രാജ്യത്തെ ഹെയർ കളർ വിഭാഗത്തിൽ യഥാർത്ഥ വിപ്ലവം സൃഷ്ടിച്ചെന്നും അവർ കൂട്ടിച്ചേർത്തു.


